PALAKKAD
Rupatha Bulletin



Editor
Fr. Jaimon Pallineerakkal

Published by
Fr. Joshy Pulikkottil

Bishop's House
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
JIM Offset, Palakkad

Annual Subscription: Rs. 200

## ഉള്ളടക്കം

ബൈബിൾ ഞായർ........................................03
സർക്കുലർ.................................................. 09
Bishop's Engagement..................................14
From the Bishop's Office..............................16
പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്...........18
വിശ്വാസവർഷം– പഠനപരമ്പര.......................20
നിത്യാരാധനാ കപ്പേള....................................23
വിശ്വാസപരിശീലനവേദി.................................24
ബൈബിൾ അപ്പോസ്തലേറ്റ്..............................29
അൾത്താരസംഘം.........................................30
കെ.സി.വൈ.എം..........................................30
മാതൃസംഘം..................................................31
പിതൃസംഘം..................................................32
ഫാമിലി അപ്പോസ്തലേറ്റ്.................................32
കുടുംബകൂട്ടായ്മ........................................33
കത്തോലിക്കാ കോൺഗ്രസ്സ്.........................33
സി.എൽ.സി.................................................34
നവീകരണമുന്നേറ്റം....................................... 34
സെഹിയോൻ ധ്യാനകേന്ദ്രം..........................35
പി. എസ്. എസ്. പി......................................37
കെ.എൽ.എം.............................................39
From the Bishop's Diary................................40

# ബൈബിൾ ഞായർ

## 2013 മെയ് 26

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,**
വരുന്ന ഞായറാഴ്ച (മെയ് 26) കേരള സഭ "ബൈബിൾ ഞായറായി" ആഘോഷിക്കുകയാണ്. അതിനുള്ള ഒരുക്കമായി ഇന്ന് നാം ബൈബിൾവാരം ആരംഭിക്കുന്നു. ബൈബിളിനെക്കുറിച്ചുള്ള നമ്മുടെ വിചിന്തനങ്ങൾ ദൈവവചനത്തെക്കുറിച്ചുള്ള ചിന്തകളോടെ ആരംഭിക്കാം.

**ബൈബിൾ: ദൈവവചനത്തിന്റെ വിവിധരൂപങ്ങളിൽ ഒന്ന്**
ആശയപ്രകാശനമാണല്ലോ നമ്മുടെ വാക്കുകളുടെ ലക്ഷ്യം. ദൈവത്തിന്റെ ആശയപ്രകാശനമാധ്യമവും വചനംതന്നെ. ത്രിയേകദൈവത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാൻ തന്നെയാണ് ദൈവവചനം. 'ഉണ്ടാകട്ടെ' എന്ന വചനത്തിലൂടെ പിതാവായ ദൈവം പ്രപഞ്ചസൃഷ്ടി നടത്തിയപ്പോൾ ആദ്യത്തെ ദൈവാവിഷ്കരണം സംഭവിക്കുകയായിരുന്നു.

പ്രപഞ്ചത്തിൽ സന്നിഹിതമായിരിക്കുന്ന വചനം *ഗ്രഹിക്കാൻ* മനുഷ്യയുക്തിക്കു സാധിക്കുമെങ്കിലും (റോമാ 1:19-20) അത് ഏറെ ആയാസകരവും അവ്യക്തവുമാണ്. അതിനാൽ മോശയിലൂടെയും പ്രവാചകന്മാരിലൂടെയും *കേൾക്കാവുന്ന രൂപത്തിൽ* വചനം മനുഷ്യന്റെ പക്കലെത്തി. ഇസ്രായേൽ ജനത്തിനു ദൈവം നല്കിയ കല്പനകളും പ്രബോധനങ്ങളും കാലാന്തരത്തിൽ *വായിക്കാവുന്ന രൂപത്തിൽ* അക്ഷരം ധരിച്ചു പഴയനിയമഗ്രന്ഥമാവുകയും ചെയ്തു.

യേശുക്രിസ്തുവാണ് ദൈവവചനത്തിന്റെ ഏറ്റവും മൂർത്തമായ രൂപം. വചനത്തിന്റെ മാംസധാരണം ദൈവത്തിന്റെ സ്വയംവെളിപ്പെടുത്തലിന്റെ പരമകാഷ്ഠയായി ഭവിച്ചു. ദൈവവചനത്തിന്റെ *ആൾരൂപമായ* യേശുക്രിസ്തു എല്ലാവർക്കും ദൈവത്തിന്റെ സ്വയംപ്രകാശനം കലർപ്പില്ലാതെ ലഭിക്കാനായി അപ്പസ്തോലികപ്രബോധനത്തെ വചനത്തിന്റെ ആധികാരിക മാധ്യമമാക്കി. അതായത്, *പഠിപ്പിക്കാനുള്ള അധികാരം* അപ്പസ്തോലന്മാരെ ഭരമേല്പിച്ചു.





അപ്പസ്തോലികപ്രബോധനങ്ങൾ ആദ്യനൂറ്റാണ്ടിൽത്തന്നെ ലിഖിതരൂപത്തിലായത് പരിപാവനമായി സഭ കാത്തുസൂക്ഷിച്ചു. പഴയനിയമത്തോടൊപ്പം പുതിയനിയമത്തെയും വിശുദ്ധഗ്രന്ഥമായി അവൾ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു.

**ബൈബിൾ: ദൈവത്തിന്റെ ആധികാരികഗ്രന്ഥം**
എഴുതപ്പെട്ട വചനമായ വിശുദ്ധബൈബിളിന്റെ ആധികാരികത പഴയനിയമത്തിലും പുതിയനിയമത്തിലും ഒരുപോലെ വ്യക്തമാണ്. ഇസ്രായേൽ രാജാവ് നിയമഗ്രന്ഥത്തിൽനിന്നും പകർത്തിയെഴുതി ഒരു കോപ്പി കൈവശം സൂക്ഷിക്കുകയും അത് അനുദിനം വായിക്കുകയും നടപ്പിലാക്കുകയും വേണമെന്ന നിയമാവർത്തനഗ്രന്ഥത്തിലെ നിർദേശവും (17:18-20) അതിനായി ദിനവൃത്താന്തഗ്രന്ഥം നല്കുന്ന ആശംസയും (1ദിന 22:12) ലിഖിതവചനത്തിന്റെ ആധികാരികതയും ജീവിതപ്രസക്തിയും വെളിവാക്കുന്നു. ദേവാലയത്തിൽ നിയമഗ്രന്ഥം കണ്ടുകിട്ടിയ സംഭവം ജോസിയാരാജാവിന്റെ ഭരണശൈലികളെ കീഴ്മേൽ മറിച്ചെന്നും യൂദാരാജ്യത്തിലെങ്ങും വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ നവീകരണം നടപ്പിലാക്കിയെന്നും രാജാക്കന്മാരുടെ രണ്ടാം പുസ്തകം 22-23 അധ്യായങ്ങളിൽ നാം വായിക്കുന്നുണ്ടല്ലോ. ജോഷ്വ 1:8ഉം 1, 19, 119 എന്നീ സങ്കീർത്തനങ്ങളും ജീവിതവിജയത്തിന് ആധാരമായി ഉയർത്തിക്കാണിക്കുന്നത് വിശുദ്ധഗ്രന്ഥത്തെയാണ്. "നീ നിന്റെ ദൈവത്തിന്റെ കല്പന വിസ്മരിച്ചതുകൊണ്ട് ഞാനും നിന്റെ സന്തതികളെ വിസ്മരിക്കും" എന്ന ഹോസിയാഗ്രന്ഥത്തിലെ വചനം (4:6) തലമുറകളുടെ അനുഗ്രഹത്തിനു നിദാനമായി തിരുലിഖിതസ്നേഹത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. പ്രിയ മാതാപിതാക്കളേ, മക്കളുടെ ഐശ്വര്യപൂർണമായ ഭാവി കാംക്ഷിക്കുന്ന നിങ്ങൾ ഇപ്പോഴെ അവരെ വിശുദ്ധഗ്രന്ഥം ഭക്തിയോടെ വായിക്കാൻ പരിശീലിപ്പിക്കണം.

ലിഖിതവചനത്തിന്റെ പവിത്രതയും ആധികാരികതയും ഫലദായകത്വവും വ്യക്തമാക്കുന്ന അനേകം തിരുവചനങ്ങൾ പുതിയനിയമത്തിലും നമുക്കു കാണാവുന്നതാണ്. അവിടെ 70 പ്രാവശ്യം പ്രത്യക്ഷപ്പെടുന്ന "എഴുതപ്പെട്ടിരിക്കുന്നു" എന്ന ഭാഷാപ്രയോഗം ലിഖിതവചനത്തിന്റെ ആധികാരികതയാണല്ലോ വ്യക്തമാക്കുന്നത്. "ആകാശവും ഭൂമിയും കടന്നുപോകുന്നതുവരെ, സമസ്തവും നിറ

വേറുവോളം നിയമത്തിൽ നിന്നു വള്ളിയോ പുള്ളിയോ മാറുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഈ പ്രമാണങ്ങളിൽ ഏറ്റവും നിസ്സാരമായ ഒന്ന് ... അനുസരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും" എന്ന വിശുദ്ധ മത്തായിയുടെ വാക്യം (5:18-19) ലിഖിതവചനത്തിന്റെ ആധികാരികതയുടെ മഹത്തായ സാക്ഷ്യമാണ്. സ്വർഗരാജ്യത്തിൽ വലിയവനാകാൻ വിശുദ്ധഗ്രന്ഥസ്നേഹത്തിലൂടെ നമുക്കു കഴിയട്ടെ.

**ബൈബിൾ: മനുഷ്യജീവിതത്തിന്റെ മാർഗരേഖ**

വിശുദ്ധഗ്രന്ഥം മനുഷ്യർക്ക് പ്രബോധനവും ശാസനവും തെറ്റുതിരുത്തലും നീതിയിലുള്ള പരിശീലനവും നല്കുന്നുവെന്ന് വിശുദ്ധ പൗലോസ് വ്യക്തമാക്കുന്നു. ഇവയിലൂടെയെല്ലാം മനുഷ്യൻ പൂർണത കൈവരിക്കുമെന്നും സത്പ്രവൃത്തികൾ ചെയ്യാൻ പര്യാപ്തനാകുമെന്നും തിരുവചനം പറയുന്നു (2തിമോ 3:16). പരിപൂർണമനുഷ്യനാകാൻ വിശുദ്ധലിഖിതജ്ഞാനം അനിവാര്യമാണെന്നു ചുരുക്കം. വിശുദ്ധലിഖിതം രാവിലേ മുതൽ മധ്യാഹ്നം വരെ ജനത്തിനു മുമ്പിൽ എസ്രാ വായിച്ചു കേൾപ്പിക്കുന്നതും അതു ജനത്തെ അനുതാപത്തിലേക്കും ജീവിതപരിവർത്തനത്തിലേക്കും നയിക്കുന്നതും നെഹെമിയായുടെ ഗ്രന്ഥത്തിൽ 8-9 അധ്യായങ്ങളിൽ നാം കാണുന്നു. അതുപോലെ, വിശുദ്ധഗ്രന്ഥപാരായണത്തിലൂടെ ജീവിതപരിവർത്തനത്തിനു നമ്മെത്തന്നെ വിധേയരാക്കാം. വ്യക്തിജീവിതത്തിനും സഭാജീവിതത്തിനും സമൂഹജീവിതത്തിനും മാർഗദർശിയാണ് ബൈബിൾ. നമ്മുടെ ജീവിതത്തിന്റെ നിലക്കണ്ണാടിയായി ബൈബിൾ മാറട്ടെ! അനുദിനം ഈ കണ്ണാടിയിൽനോക്കി നമ്മുടെ ആന്തരികസൗന്ദര്യം വർദ്ധിപ്പിക്കാം.

വിശുദ്ധലിഖിതത്തോടു തീർത്തും നിഷേധാത്മകമായ നിലപാടു സ്വീകരിച്ച ഒരാളെ ബൈബിളിൽ കാണാം: യെഹോയാക്കീം രാജാവ്. അദ്ദേഹം ജറമിയായുടെ പ്രവചനങ്ങൾ വായിച്ചുകേട്ടശേഷം ഓരോ ചുരുളും കീറിയെടുത്ത് നെരിപ്പോടിലിട്ട് കത്തിക്കുന്ന ബീഭത്സമായ രംഗം ജറെമിയായുടെ പുസ്തകം 36-ാം അധ്യായത്തിലുണ്ട്. അദ്ദേഹത്തിന്റെ കാലത്തുതന്നെ ജറുസലെം പട്ടണവും ദേവാലയവുമെല്ലാം ബാബിലോൺകാർ അഗ്നിക്കിരയാക്കിയെന്നും രാജാവിനെ വധിച്ച് ജനപ്രമാണിമാരെ ബാബിലോണിലേക്ക് അടിമകളായി കൊണ്ടുപോ





യെന്നും മനസ്സിലാക്കുമ്പോഴാണ് ആ നീചമായ പ്രവൃത്തിയുടെ ഫലങ്ങൾ എത്രമാത്രം ദൂരവ്യാപകമായിരുന്നെന്നു നമുക്കു തിരിച്ചറിയാനാകുന്നത്. ബൈബിളിനെ അവഗണിക്കുന്നവൻ യെഹോയാക്കീം ശൈലിതന്നെയാണ് ഇന്ന് ആവർത്തിക്കുന്നത്. വിശുദ്ധലിഖിതങ്ങൾ അറിയാത്തതു കൊണ്ട് സദുക്കായർക്ക് തെറ്റുപറ്റി എന്ന യേശുവിന്റെ നിരീക്ഷണം (മർക്കോ 12:24) സർവകാലപ്രസക്തിയുള്ള ഒന്നാണ്. തെറ്റിൽ നിന്ന് തെറ്റിലേക്ക് കൂപ്പുകുത്താതിരിക്കാൻ നിങ്ങളുടെ ബൈബിൾ സഭാത്മകവിശ്വാസത്തോടെ തുറക്കുക; പ്രത്യാശയോടെ വായിക്കുക; സ്നേഹത്തോടെ അനുവർത്തിക്കുക. വിശുദ്ധലിഖിതരചനയ്ക്കായി നിവേശനം നല്കിയ പരിശുദ്ധാത്മാവ്, ജറെമിയാ പ്രവാചകനിലൂടെ വാഗ്ദാനം ചെയ്തതുപോലെ, അത് നിങ്ങളുടെ ഹൃദയത്തിൽ എഴുതിച്ചേർക്കുക തന്നെ ചെയ്യും (cf. ജറെ 31:33).

**ക്രിസ്തു: ബൈബിളിന്റെ വ്യാഖ്യാനത്താക്കോൽ**

പഴയനിയമം അതിൽത്തന്നെ പൂർണമല്ല എന്നു ക്രൈസ്തവർ അറിഞ്ഞിരിക്കണം. ക്രിസ്തുവാണ് പഴയനിയമത്തെ പൂർത്തിയാക്കുന്നവൻ. "നിയമത്തെയോ പ്രവാചകന്മാരെയോ ...അസാധുവാക്കാനല്ല, പൂർത്തിയാക്കാനാണു ഞാൻ വന്നത്" (മത്താ 5:17) എന്ന ക്രിസ്തുവചനം സ്മരിക്കുക. പഴയനിയമത്തിലെ ഒരു വചനം ഉദ്ധരിച്ചതിനുശേഷം "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു" എന്ന് യേശു പ്രഖ്യാപിക്കുന്നതായി 6 പ്രാവശ്യം വിശുദ്ധ മത്തായിയുടെ സുവിശേഷം അഞ്ചാം അധ്യായത്തിൽ കാണാം (VV. 21-22; 27-28; 31-32; 33-34; 38-39; 43-44). അതിനാൽ, പഴയനിയമം വായിക്കുമ്പോൾ ഇടർച്ച തോന്നിപ്പിക്കുന്നതോ അസ്വസ്ഥതയുളവാക്കുന്നതോ ആയ ഭാഗങ്ങൾ ക്രിസ്തുവിന്റെ പ്രബോധനങ്ങളുടെ വെളിച്ചത്തിലാണ് ക്രൈസ്തവർ ഗ്രഹിക്കേണ്ടത്. വിശുദ്ധലിഖിതങ്ങൾ മുഴുവൻ ക്രിസ്തുവിലേക്കാണ് വിരൽ ചൂണ്ടുന്നത് (cf. ലൂക്കാ 24:44). സെന്റ് വിക്ടറിലെ ഹ്യൂഗ് പറഞ്ഞതോർക്കുക: "വിശുദ്ധലിഖിതമെല്ലാം ഒറ്റ ഗ്രന്ഥമാണ്. ആ ഏക ഗ്രന്ഥം ക്രിസ്തുവാകുന്നു". ക്രിസ്തുവാകുന്ന താക്കോൽ ഉപയോഗിച്ചാണ് വിശുദ്ധഗ്രന്ഥത്തിന്റെ അടഞ്ഞതോ ഇരുണ്ടതോ ആയ അകത്തളങ്ങൾ തുറക്കേണ്ടത് (cf. *കർത്താവിന്റെ വചനം*, 42).

**ബൈബിൾ: കേരളകത്തോലിക്കാസഭയുടെ ഹൃദയഗ്രന്ഥം**

വിശുദ്ധഗ്രന്ഥശുശ്രൂഷയുടെ വ്യത്യസ്തനാഴികക്കല്ലുകൾ കേരളസഭയിൽ നാം ഇതിനകം കണ്ടുകഴിഞ്ഞു. സമ്പൂർണബൈബിൾ, ഇന്റർനെറ്റ്

ബൈബിൾ, മൊബൈൽ ബൈബിൾ, ഓഡിയോ ബൈബിൾ എന്നിവ ഇന്നു നമുക്കുണ്ട്. പുതിയനിയമത്തിന്റെ പരിഷ്കരിച്ച പതിപ്പു തയ്യാറാക്കാനും കെ.സി.ബി.സി. ബൈബിൾകമ്മീഷനു കഴിഞ്ഞു. ബൈബിൾകമ്മീഷൻ സംഘടിപ്പിച്ചിട്ടുള്ള ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ പതിനായിരത്തോളം പേർ പങ്കെടുക്കുന്നുണ്ടെങ്കിലും വീട്ടിലിരുന്ന് ബൈബിൾ പഠിക്കാനുള്ള ഈ അവസരം വിനിയോഗിക്കാൻ ഇനിയും ഏറെ പേർ മുന്നോട്ടു വരേണ്ടിയിരിക്കുന്നു.

വിശ്വാസവർഷം പ്രമാണിച്ച്, 'ദൈവവചനവും കത്തോലിക്കാസഭയും കഴിഞ്ഞ 50 വർഷങ്ങളിൽ' എന്ന വിഷയത്തെ അധികരിച്ച് ഈടുറ്റ ഒരു ലേഖനസമാഹാരം *ദേയീ വെർബും മുതൽ വെർബും ദോമിനി വരെ* എന്ന പേരിൽ പ്രസിദ്ധീകരിക്കാൻ നമുക്കു കഴിഞ്ഞു. ബൈബിളിന്റെ മൂലഭാഷകളെ പരിചയപ്പെടുത്തുന്നതിന്റെ ആദ്യപടിയായി ഗ്രീക്കുഭാഷയുടെ അക്ഷരമാലകളടങ്ങുന്ന ഒരു പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബൈബിൾ മൂലഭാഷകളിൽ വായിക്കുകയും പഠിക്കുകയും ചെയ്യുന്ന ഒരു സഭാസമൂഹത്തെ സ്വപ്നം കാണുകയാണ് നാം. സൺഡേസ്കൂൾ അധ്യാപകർക്ക് ഈ സംരംഭത്തിന്റെ മുഖ്യപ്രായോജകരും പ്രചാരകരും ആകാൻ കഴിയും.

ഒറിയൻഭാഷയിൽ ബൈബിൾ അച്ചടിച്ചിറക്കുന്നതിന് ഒറീസാ ബിഷപ്പ്സ് കോൺഫറൻസിനു സാമ്പത്തികസഹായം നല്കാനും കേരളത്തിലെ കത്തോലിക്കാമാനേജ്മെന്റുകൾക്കു കീഴിലുള്ള ജനറൽനേഴ്സിങ്ങ് വിദ്യാർത്ഥീവിദ്യാർത്ഥിനികൾക്കു സൗജന്യ പോക്കറ്റ് ബൈബിൾ വിതരണം ചെയ്യാനും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിക്ക് ഈ വർഷം കഴിഞ്ഞു. ബൈബിൾപ്രേഷിതത്വത്തിന്റെ ഉത്തമ മാധ്യമമായി സൊസൈറ്റിയുടെ വെബ്സൈറ്റ് (www.keralabiblesociety.com) പൊതുവെ അംഗീകാരം നേടിയിട്ടുണ്ട്. ബൈബിൾ സൊസൈറ്റിയിൽ അംഗങ്ങളായി ചേരാനായി ഏറെപ്പേർ മുന്നോട്ടു വരുന്നതിലുള്ള സന്തോഷം പ്രകടിപ്പിച്ചുകൊള്ളട്ടെ. മെയ് 19 മുതൽ ജൂൺ 19 വരെ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ അംഗത്വശേഖരണ തീവ്രമാസമായി ആചരിക്കുകയാണ്. ബൈബിളിനോടുള്ള നിങ്ങളുടെ സ്നേഹം പ്രകടമാക്കാനുള്ള ഏറ്റവും നല്ല അവസരമാണിത്; നഷ്ടപ്പെടുത്താതിരിക്കുക.

കഴിഞ്ഞ ഒക്ടോബറിൽ റോമിൽ നടന്ന സിനഡിൽ വച്ച് 'നവസുവി





ശേഷവത്കരണത്തിന്റെ കേരളമോഡൽ' എന്ന നിലയിൽ, 6 ലക്ഷത്തോളം പേർ പങ്കെടുക്കുന്ന ലോഗോസ് ബൈബിൾ ക്വിസ് ലോകത്തിന്റെ കൈയടി നേടിയപ്പോൾ കേരള സഭാമക്കൾക്കുള്ള സാർവത്രികസഭയുടെ അംഗീകാരവും ആദരവുമായി അതു മാറുകയായിരുന്നു. ലോഗോസ് ക്വിസിന്റെ ഫൈനൽ റൗണ്ടുകൾ ഷാലോം T.V.യിൽ സംപ്രേഷണം ചെയ്തത് നിങ്ങൾ കണ്ടുകാണുമല്ലോ. മുതിർന്നപൗരന്മാർക്കായി ഒരു പ്രത്യേക പ്രായവിഭാഗവും കഴിഞ്ഞ വർഷം ആരംഭിക്കുകയുണ്ടായി. ഈ വർഷം മുതൽ ലോഗോസ്പ്രതിഭയ്ക്കു വിശുദ്ധനാടു തീർത്ഥാടനത്തിനുള്ള അവസരംകൂടി നല്കുകയാണ്. വിദേശമലയാളികൾക്കു ലോഗോസ് ക്വിസിൽ ഓൺലൈൻ പരീക്ഷയെഴുതാനുള്ള സൗകര്യം ഈ വർഷം തന്നെ നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് ബൈബിൾ സൊസൈറ്റി ഇപ്പോൾ. എല്ലാവർക്കും ബൈബിൾ സൂക്ഷ്മതയോടെയും ശ്രദ്ധയോടെയും പഠിക്കാനുള്ള അവസരം സൃഷ്ടിക്കാൻ വേണ്ടിയാണ് ഇതെല്ലാം എന്നോർക്കുക.

കഴിഞ്ഞ വർഷങ്ങളിൽ ബൈബിൾവാരാചരണത്തോടനുബന്ധിച്ച് നടത്തിയ അഖണ്ഡ ബൈബിൾപാരായണയജ്ഞവും ബൈബിൾ ഫിലിംഫെസ്റ്റിവലും ആർട്ട്ക്യാമ്പും ചിത്രപ്രദർശനവുമെല്ലാം ഇപ്പോഴും നിങ്ങളിൽ പലരുടെയും മനസ്സിലുണ്ടല്ലോ. ഈ വർഷത്തെ ബൈബിൾവാരാചരണത്തോടനുബന്ധിച്ച് 'ബൈബിളും മലയാളസാഹിത്യവും' എന്ന പ്രമേയത്തെ കേന്ദ്രീകരിച്ച് ബൈബിൾകമ്മീഷൻ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിൽ ഏവരുടെയും പങ്കാളിത്തം ഉണ്ടാകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. ബൈബിളിനോടു കേരളക്കരയ്ക്കുള്ള സ്നേഹം പ്രകടിപ്പിക്കാനുള്ള ഒരവസരമായി ഇതു മാറണം. കെ.സി.ബി.സി. ബൈബിൾകമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിനും വേണ്ടി ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേയുള്ള പിരിവ് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഏവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ**

ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കൊച്ചി

# സർക്കുലർ

Prot. No. 412/2013

**2013 ജനുവരി 7 മുതൽ 11 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാ കേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 21-ാമത് സിനഡിന്റെ പ്രഥമ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച് ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത പുറപ്പെടുവിക്കുന്ന സർക്കുലർ.**

**ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരി സഹോദരന്മാരേ,**

സീറോ മലബാർ സഭയുടെ 21-ാമത് സിനഡിന്റെ പ്രഥമ സമ്മേളനം 2013 ജനുവരി 7 മുതൽ 11 വരെ സഭയുടെ ആസ്ഥാനമായ മൗണ്ട് ് സെന്റ് തോമസിൽ നടന്ന കാര്യം സന്തോഷപൂർവ്വം അറിയിക്കട്ടെ. പതിവുപോലെ ആദ്യദിവസം ഉച്ചവരെയുള്ള സമയത്ത് ബിഷപ്പ് ഗ്രേഷ്യൻ മുണ്ടാടൻ നയിച്ച ധ്യാനത്തിലൂടെയും വിശുദ്ധകുർബ്ബാന അർപ്പണത്തിലൂടെയും ആത്മീയമായി ഒരുങ്ങിയതിനുശേഷം സിനഡ് ഔദ്യോഗികമായി ആരംഭിച്ചു. 45 പിതാക്കന്മാർ സിനഡിൽ സംബന്ധിക്കുകയുണ്ടായി. തക്കലരൂപതയുടെ പുതിയ അദ്ധ്യക്ഷൻ മാർ ജോർജ്ജ് രാജേന്ദ്രൻ പിതാവും പാലാരൂപതയുടെ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവും ഈ സിനഡിൽ പുതിയ അംഗങ്ങളായിരുന്നു. കർദ്ദിനാൾ പദവി ലഭിച്ച സീറോ മലങ്കര സഭയുടെ മേജർ ആർച്ച് ബിഷപ്പ് മോറോൻ മോർ ബസേലിയോസ് കാർഡിനൽ ക്ലീമിസ് കാതോലിക്കാബാവയ്ക്ക് സിനഡ് ഹാർദ്ദമായ സ്വീകരണം നൽകി.

**വിശ്വാസ വർഷം:** നമ്മുടെ വിശ്വാസജീവിതം ആഴപ്പെടുത്താനും വിശ്വാസികളുടെ സുവിശേഷസാക്ഷ്യം ശക്തിപ്പെടുത്താനും വേണ്ടി പരിശുദ്ധപിതാവ് പ്രഖ്യാപിച്ചിരിക്കുന്ന വിശ്വാസവർഷാചരണം രൂപതകൾ വിവിധകർമ്മപരിപാടികളോടെ ഉത്സാഹപൂർവ്വം നിർവ്വഹിക്കുന്നു എന്നത് അഭിനന്ദനം അർഹിക്കുന്നു. "നവസുവിശേഷവല്ക്കരണം വിശ്വാസകൈമാറ്റത്തിന്" എന്ന വിഷയത്തെ ആസ്പദമാക്കി റോമിൽ നടന്ന മെത്രാന്മാരുടെ സിനഡിൽ സീറോമലബാർ സഭയിൽനിന്ന് ജോസഫ് കല്ലറങ്ങാട്ട് പിതാവും ഞാനും പങ്കെടുക്കുകയുണ്ടായി. ഇന്ത്യയിൽനിന്നുള്ള മെത്രാന്മാരല്ലാത്ത നാലുപ്രതിനിധികളും സീറോമലബാർ സഭയിൽ നിന്നുള്ളവരായിരുന്നു. സഭയുടെ സാർവ്വത്രികതയും സഭൈക്യമാനവും (എക്യുമെനിക്കൽ മാനം) പ്രകടമാക്കിയതായിരുന്നു ഇക്കഴിഞ്ഞ റോമൻ സിനഡ്. സുവിശേഷവല്ക്കരണത്തിനും അജപാലന ശുശ്രൂഷയ്ക്കും പൗരസ്ത്യ സഭകൾക്കുള്ള അവകാശങ്ങൾ അംഗീകരിക്കണമെന്നുള്ള അഭ്യർത്ഥന സിനഡിൽ സംബന്ധിച്ച എല്ലാ പൗരസ്ത്യപിതാക്കന്മാരും പരിശുദ്ധപിതാവിന്റെ മുമ്പിൽസമർപ്പിക്കുകയുണ്ടായി എന്നത് എടുത്തുപറയേണ്ടകാര്യമാണ്.





**ആസ്ത്രേലിയായിലെ അജപാലനസമ്പർശനം:** ആസ്ത്രേലിയായിൽ അടുത്തകാലത്ത് നടത്തിയ അജപാലനസമ്പർശനാവസരത്തിൽ സീറോമലബാർ സഭാപാരമ്പര്യത്തിൽ ഉറച്ചുനിന്ന് വളരാൻ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്ന വിശ്വാസിസമൂഹങ്ങളെ കാണാൻ സാധിച്ചു. നമ്മുടെ ആളുകളുടെ കാര്യത്തിൽ വളരെ താല്പര്യവും അനുഭാവവും പുലർത്തുന്ന സമീപനമാണ് ആസ്ത്രേലിയായിലെ സഭാമേലദ്ധ്യക്ഷൻമാർ പ്രകടിപ്പിച്ചത്. ആസ്ത്രേലിയായിലെ സീറോമലബാർ സഭാവിശ്വാസികൾക്ക് ഉചിതമായ അജപാലനശുശ്രൂഷ ലഭ്യമാക്കാൻ ഈ സാഹചര്യം സഹായകരമാണ് എന്നു കരുതുന്നു. വിവിധ രാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ കഴിയുന്ന പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ അജപാലന ശുശ്രൂഷയ്ക്കായി ചെയ്യാൻ സാധിക്കുന്ന ക്രമീകരണങ്ങൾ ചെയ്യാൻ നാം ശ്രദ്ധിക്കുന്നുണ്ട്.

2. **ദൈവവിളിയും സെമിനാരി പരിശീലനവും:** ദൈവവിളിയെക്കുറിച്ചും സെമിനാരി പരിശീലനത്തെക്കുറിച്ചും സിനഡ് വളരെ പ്രാധാന്യത്തോടെ ചർച്ച ചെയ്തു. പൗരോഹിത്യത്തിലേക്കുള്ള വിളിയിൽ കാര്യമായ കുറവു സംഭവിച്ചിട്ടില്ലെങ്കിലും സ്ത്രീ സന്ന്യാസ സമർപ്പിത വിളിയിൽവലിയ കുറവ് നമ്മുടെ സഭയിൽ ഉണ്ടായിട്ടുണ്ട്. ഇക്കാര്യം സഭ മുഴുവൻ വളരെ ഗൗരവപൂർവ്വം പരിഗണിക്കുകയും പരിഹാരം തേടുകയും ചെയ്യേണ്ടതുണ്ട്. ഇക്കഴിഞ്ഞ ക്രിസ്തുമസ് കാലഘട്ടത്തിൽ 112 രൂപതാവൈദികരെയും 146 സന്ന്യാസവൈദികരെയും സഭയ്ക്കു പുതുതായി ലഭിച്ചു എന്നത് വലിയൊരു ദൈവാനുഗ്രഹമായി നാം കാണണം. ഭാവി വൈദികരുടെ പരിശീലനം സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയാണ്. നമ്മുടെ സഭാ സിനഡിന്റെ കീഴിലുള്ള

മൂന്നു സെമിനാരികളുടെയും മേൽനോട്ടം വഹിക്കുന്നത് സിനഡ് നിയോഗിച്ചിരിക്കുന്ന മെത്രാന്മാരുടെ കമ്മീഷനുകളാണ്. അജപാലന ശുശ്രൂഷ ഫലപ്രദവും കാര്യക്ഷമവുമാകുന്നതിന് ഭാവിവൈദികർ സഭയുടെ ആദ്ധ്യാത്മികത ആഴത്തിൽ ഉൾക്കൊള്ളുന്നവരും സഭയ്ക്കായി പൂർണ്ണമായി സമർപ്പിക്കുന്നവരുമാകണം. അതിന് സഹായകരമായ പരിശീലനം വൈദികവിദ്യാർത്ഥികൾക്ക് ലഭിക്കുവാൻ സിനഡ് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. വൈദികരുടെ തുടർ പരിശീലനത്തിന്റെ പ്രാധാന്യവും ആവശ്യകതയും സിനഡ് ഊന്നിപ്പറയുകയുണ്ടായി. സ്ഥിരഡീക്കന്മാരെ നിയമിക്കാമെന്നുള്ള മുൻതീരുമാനം സിനഡ് ആവർത്തിക്കുകയും അജപാലനശുശ്രൂഷയ്ക്ക് ആവശ്യമെങ്കിൽ ഏതു രൂപതയ്ക്കും ആ തീരുമാനം നടപ്പിലാക്കാമെന്ന് വ്യക്തമാക്കുകയും ചെയ്തു.

**സമർപ്പിത സമൂഹങ്ങളുടെ ശുശ്രൂഷ:** സീറോ മലബാർ സഭയിലും വിദേശരാജ്യങ്ങളിലും, ലത്തീൻ രൂപതകളിലും സീറോ മലബാർ സഭാംഗങ്ങളായ സമർപ്പിതർ വളരെ വലിയ ശുശ്രൂഷയാണ് നിർവ്വഹിക്കുന്നത്. ആഗോളകത്തോലിക്കാസഭയുടെ വളർച്ചയ്ക്ക് നമ്മുടെ സഭ നൽകുന്ന വിലപ്പെട്ട സംഭാവനയാണത്. ഈ സഭാ ശുശ്രൂഷ കൂടുതൽ ഫലവത്തും, സീറോ മലബാർ സഭയുടെ പൈതൃകത്തിനും ചൈതന്യത്തിനും യോജിച്ചതുമായ വിധത്തിൽ നടത്തപ്പെടുന്നത് ഉചിതമായിരിക്കുമെന്ന് സിനഡ് വിലയിരുത്തി. അതിന്റെ വെളിച്ചത്തിൽ സഭയിൽ സന്ന്യസ്തരുടെ ശുശ്രൂഷയെക്കുറിച്ച് സമർപ്പിതസമൂഹങ്ങളുടെ പ്രതിനിധികളുമായി വിശദമായ ചർച്ചസിനഡിൽ നടക്കുകയുണ്ടായി. സമർപ്പിതസമൂഹങ്ങളുമായി കൂടതൽ ധാരണയിലും സഹകരണത്തിലും ഭാവിയിൽ പ്രവർത്തിക്കുന്നതിന് ഈ ചർച്ച സഹായമാകും എന്ന് പ്രതീക്ഷിക്കുന്നു.

**എ.കെ.സി.സി.:** സഭയുടെ പ്രവർത്തനങ്ങളിൽ അത്മായർക്ക് അർഹമായ സ്ഥാനം നൽകേണ്ടതിന്റേയും സഭയോട് ചേർന്നും, സഭയുടെ ചൈതന്യം ഉൾക്കൊണ്ടും അത്മായസംഘടനകൾ പ്രവർത്തിക്കേണ്ടതിന്റേയും ആവശ്യകത സിനഡ് പരിഗണിക്കുകയുണ്ടായി. അതനുസരിച്ച് എ.കെ.സി.സി. യുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താനും സഭയുടെ അത്മായപ്രസ്ഥാനമായി എല്ലാ രൂപതകളിലും ഇത് സജീവമാക്കാനും സിനഡ് ആഗ്രഹിക്കുകയും ആഹ്വാനം ചെയ്യുകയും ചെയ്തു.





**സത്നായിൽ ഒരു മിഷൻ സെമിനാരി:** സത്നാ രൂപതയിൽ സ്ഥാപിതമായിരിക്കുന്ന മാർ അപ്രേം സെമിനാരിയെ സിനഡിന്റെ നിയന്ത്രണത്തിലുള്ള ഒരു മിഷൻ സെമിനാരിയായി സിനഡ് അംഗീകരിച്ചിരിക്കുന്നു എന്ന കാര്യം നിങ്ങളെല്ലാവരെയും ഇതുവഴി അറിയിക്കുന്നു.

**ദു:ക്റാന ആചരണം സഭാ ആസ്ഥാനത്ത്:** നമ്മുടെ പിതാവ് മാർ തോമ്മാശ്ലീഹായുടെ ദുക്റാന ആചരണം സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ്തോമ്മസിൽ എല്ലാ രൂപതകളിലും നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ജൂലൈ മൂന്നിന് നടത്താനുള്ള തീരുമാനവും സിനഡ് എടുക്കുകയുണ്ടായി. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ആയിരത്തിതൊള്ളായിരത്തി അമ്പതാം വാർഷികം പത്തുവർഷം നീളുന്ന പരിപാടികളോടെ നടത്തുന്നതിനും സിനഡ് തത്വത്തിൽ അംഗീകാരം നൽകി. ഈ ആഘോഷത്തിന്റെ നിയതമായ കർമ്മപരിപാടികൾ അടുത്തുവരുന്ന സിനഡ് ചർച്ചചെയ്ത് തീരുമാനിക്കുന്നതാണ്.

3. **കോതമംഗലം രൂപതയ്ക്ക് പുതിയ ഇടയൻ:** മെത്രാന്മാരുടെ തിരഞ്ഞെടുപ്പ് സിനഡിന്റെ ഉത്തരവാദിത്വമാണല്ലോ. 75 വയസ്സ് പൂർത്തിയായ കോതമംഗലം രൂപതയുടെ അദ്ധ്യക്ഷൻ മാർ ജോർജ്ജ് പുന്നക്കോട്ടിലിന് പകരക്കാരനെ കണ്ടെത്തുക ആവശ്യമായിരുന്നു. ഇക്കഴിഞ്ഞ സിനഡിൽ നടന്ന ഏറ്റവും സന്തോഷകരമായ സംഭവമാണ് കോതമംഗലം രൂപതയ്ക്ക് പുതിയ ഇടയനായി മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിലിനെ ലഭിച്ചു എന്നത്.

**ഗ്ലോബൽ മീറ്റ്:** പ്രവാസികളായിക്കഴിയുന്ന സീറോമലബാർ സഭാംഗങ്ങളുടെ അജപാലനം നേരിടുന്ന പ്രശ്നങ്ങളെ സിനഡ് പിതാക്കന്മാർ അവലോകനം ചെയ്തു. പ്രശ്നപരിഹാരാർത്ഥം സഭാ നേതൃത്വം നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങളെ പ്രവാസികളെ ധരിപ്പിക്കുന്നതിനും അവരുമായുള്ള ഊഷ്മളമായ ബന്ധം സ്ഥാപിക്കുന്നതിനുമായി വിവിധ രാജ്യങ്ങളിൽ പ്രവാസികളായി കഴിയുന്ന സീറോമലബാർ സഭാംഗങ്ങളുടെ ഒരു പ്രതിനിധിസമ്മേളനം-ഗ്ലോബൽ മീറ്റ്- ആഗസ്റ്റ് മാസം 18-ാം തിയതി കൂടുവാൻ തീരുമാനിച്ചു. ഈ സമ്മേളനത്തിൽ കഴിയുന്നത്ര പിതാക്കന്മാരും പങ്കുചേരുന്നതാണ്.

**മറ്റ് പ്രധാനകാര്യങ്ങൾ:** ഉന്നത വിദ്യാഭ്യാസ വിഷയങ്ങൾ കൈകാര്യം

ചെയ്യുന്ന ഉന്നതവിദ്യാഭ്യാസ സമിതിയുടെ പ്രവർത്തനങ്ങളാണ് സിനഡിൽ ചർച്ച ചെയ്യപ്പെട്ട മറ്റൊരു വിഷയം. സിനഡിൽ അംഗീകരിക്കപ്പെട്ട പരിപാടികൾ നടപ്പാക്കുന്നതിന് ഉന്നതവിദ്യാഭ്യാസ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇരിങ്ങാലക്കുട രൂപതയിൽ നിന്നുള്ള ഫാദർ കനീസിയുസ് തെക്കേക്കര സി.എം.ഐ. യുടെ നാമകരണനടപടികൾ ആരംഭിക്കുന്നതിന് സിനഡ് അനുവാദം നൽകി. നാമകരണനടപടികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സീറോമലബാർ സഭ ആസ്ഥാനത്ത് ഒരു പോസ്റ്റുലേറ്റർ ജനറലിന്റെ ഓഫീസ് ആരംഭിക്കുവാനും സിനഡ് തീരുമാനിച്ചിട്ടുണ്ട്. തൃശൂർ അതിരൂപതയിൽനിന്നും നിർദ്ദേശിക്കപ്പെട്ട ശ്രീ പി.ഐ. ലാസർ, പ്രൊഫ. എലിസബത്ത് മാത്യു എന്നിവർക്ക് “സഭാരത്നം” ബഹുമതി നൽകുവാനും സിനഡ് തീരുമാനിച്ചു. റോമിൽ സീറോമലബാർ സഭയ്ക്കായി ആസ്ഥാന മന്ദിരം വാങ്ങുന്നതിനുള്ള പദ്ധതി സിനഡിന്റെ വിശദമായ ചർച്ചയ്ക്ക് വിധേയമായി. എല്ലാ വിശ്വാസികളുടേയും സഹായസഹകരണങ്ങൾ ഈ പദ്ധതിയുടെ പൂർത്തീകരണത്തിനുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. സിനഡിന്റെ വിജയത്തിനായി പ്രാർത്ഥിച്ചവർക്കും സഹകരിച്ചവർക്കും ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു. 11-ാം തീയതി വൈകുന്നേരം 6 മണിക്ക് സീറോ മലബാർ സഭയുടെ 21-ാം സിനഡിന്റെ ഒന്നാം സെഷൻ ഔദ്യോഗികമായി പര്യവസാനിച്ചു. സിനഡിലൂടെ ലഭിച്ച ദൈവകൃപയ്ക്ക് നമുക്കെല്ലാവർക്കും ദൈവത്തോട് നന്ദിയുള്ളവരായിരിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യാം.

മിശിഹായിൽ സ്നേഹപൂർവ്വം,

**ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2013-ാം ആണ്ട് മാർച്ച് മാസം 1 -ാം തിയതി നൽകപ്പെട്ടത്.

---

NB : ഈ സർക്കുലർ ഇതേപടി പള്ളികളിൽ വായിക്കാനുള്ളതല്ല. ഇതിലെ വിവരങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**








**2013 MAY**

| | | |
|---|---|---|
| 1 | AM | Christ the King Church, Nemmara |
| | PM | St. Joseph's Convent, Valliyode |
| 2 | AM | Interview, St. Mary's Minor Seminary, Kalleppully |
| | PM | Meeting, Jesus Fraternity, Yuvakshetra |
| 3 | AM | Meeting, Palakkad Public Library |
| 4 | AM | St. Mary's Church, Chittadi |
| | PM | Final Profession & Jubilee, Kanjikode |
| 5 | AM | Lourde Matha Forane Church, Vadakkencherry |
| 6 | | Monthly Recolletion, Bishop's House |
| 7 | | Jubilee celebration of Archbishop |
| | | Mar Raphael Cheenath, Thrichur |
| 8 | AM | Ordination, St. Joseph's Church, Ponkandam |
| 9 | AM | Yuvkshetra Trust Meeting, Bishop's House |
| | PM | Sehion Retreat Centre, Thavalam |
| 10 | PM | Kodamthuruth |
| 11 | | Golden Jubilee CMC Sisters, Mercy College. |
| 12 | | St. Williams Church, Edathanattukara |
| 14 | | Puthenchira |
| 15 | AM | Meeting, Pastoral Centre |

2013



# BISHOP'S Engagements

| | | |
|---|---|---|
| 16 | AM | Seraphic Provincial House, Palakkad |
| 18 | AM | Holy Cross Church, Pulappatta |
| | PM | Holy Family Church, Chittur, Palakkad |
| 19 | | St. Mary's Church, Thathamangalam |
| 20 to 22 | | Meeting, Mount St. Thomas, Kakkanad |
| 24 | PM | Meeting, Cathedral |
| 25 | | Catechism HM & Secretaries Meeting, Pastoral Centre |
| | PM | Holy Cross Church, Padur |
| 26 | AM | St. Sebastian Church, Njarakode |
| | PM | Vimala Hrudaya Church, Kodunthirappally |

**2013 JUNE**

| | | |
|---|---|---|
| 1 | AM | Ernakulam |
| | PM | Cherthala, Muttam Church |
| 2 | | Good Shepherd Church, Pothundy |
| 4 - 5 | | KCBC Meeting, POC |
| 6 | | Sehion Retreat Centre, Thavalam |
| 8 | | Pastoral Council Meeting, Pastoral Centre |
| 9 | | St. Peter's Church, Jellippara |








**മാസധ്യാനം**

മെയ് മാസത്തിലെ വൈദികരുടെ മാസധ്യാനം **6-ാം തിയ്യതി തിങ്കളാഴ്ച്ച** രൂപതാകാര്യാലയത്തിൽ വെച്ച് നടത്തപ്പെടുന്നു.

**മഴയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന**

സർവശക്തനും കാരുണ്യവാനുമായ ദൈവമേ, മഴയുടെ ദൗർലഭ്യം മൂലം വരൾച്ചയെ അഭിമുഖീകരിക്കുന്ന ഞങ്ങളുടെ നാടിനെ ദയാപൂർവം തൃക്കൺപാർക്കണമേ. ഞങ്ങളിപ്പോൾ നേരിടുന്ന അതികഠിനമായ വേനലിൽ നിന്ന് ഞങ്ങളെയും ഞങ്ങളുടെ കൃഷികളെയും വിളകളെയും സംരക്ഷിക്കണമേ. ഭൂമിയുടെ ഫലപുഷ്ടിക്കും പക്ഷിമൃഗാദികളുടെയും വൃക്ഷലതാദികളുടെയും ഞങ്ങളുടെയും ദേഹശുദ്ധിക്കും സൗഖ്യത്തിനും ജീവന്റെ നിലനില്പിനുമാണല്ലോ അങ്ങ് ജലം സൃഷ്ടിച്ച് ഞങ്ങളെ അനുഗ്രഹിച്ചത്.

ഏലിയാ പ്രവാചകന്റെ പ്രാർത്ഥന ശ്രവിച്ച കർത്താവേ, ജലത്തിന്റെ ദൗർലഭ്യം മൂലം കഷ്ടതയനുഭവിക്കുന്ന അങ്ങേ ജനത്തെ കാരുണ്യപൂർവം തൃക്കൺപാർക്കണമേ. ഭൂമിയെയും പ്രപഞ്ചത്തിലെ ഫലപുഷ്ടിയെയും സംരക്ഷിക്കാൻ അങ്ങയുടെ വാനവിതാനങ്ങൾ തുറന്ന് സമൃദ്ധമായ മഴ ഞങ്ങൾക്കു നല്കണമേ. ഞങ്ങളുടെ നദികളും അരുവികളും തടാകങ്ങളും ജലത്താൽ നിറയ്ക്കണമേ. അങ്ങ് തിരുമനസ്സാകുന്നെങ്കിൽ മാത്രമേ ഞങ്ങളുടെ അദ്ധ്വാനവും പരിശ്രമങ്ങളും ഫലമണിയുകയുള്ളൂവെന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളുടെ പാപങ്ങളും തെറ്റുകളും ക്ഷമിച്ച് ഞങ്ങളുടെ നന്മയ്ക്കും നാടിന്റെ അഭിവൃദ്ധിക്കും ആവശ്യമായ നല്ല കാലാവസ്ഥയും സമൃദ്ധമായ മഴയും നല്കി ഞങ്ങളെ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും ആമേൻ

1 സ്വർഗ. 1 നന്മ. 1 ത്രിത്വ.

**തെരട്ടിനെ സംബന്ധിച്ച്**

പള്ളിയുടെ വാർഷിക കണക്ക് ഇന്റേണൽ ഓഡിറ്റർമാർ പരിശോധിച്ച് , അവരുടെ റിപ്പോർട്ടോടുകൂടി പ്രതിനിധിയോഗത്തിൽ അവതരിപ്പിക്കണം. പ്രതിനിധിയോഗം പാസാക്കിയ കണക്ക് C.A ഓഡി

റ്റിങ് കഴിഞ്ഞ് ഇടവക പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസാക്കിയതിനുശേഷമേ രൂപതാ കാര്യാലയത്തിൽ അംഗീകാരത്തിനായി കൊണ്ടുവരാവൂ. തെരട്ടിനൊടൊപ്പം, നാൾവഴി, ലെഡ്ജർ, പ്രതിനിധി യോഗപുസ്തകം, ഇടവകയോഗപുസ്തകം എന്നിവയും കൊണ്ടുവരേണ്ടതാണ്.

# രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്

**തിയ്യതി : 2013 ജൂൺ 6, ശനി - സമയം : 11am to 2pm**
**രൂപതാ പാസ്റ്ററൽ സെന്ററൽ, ചക്കാന്തറ, പാലക്കാട്**

വിഷയം

1. **വിശ്വാസവർഷാചരണ സമാപനം.**

1.1 വിശ്വാസവർഷാചരണത്തെ ക്രിയാത്മകമായി വിലയിരുത്തി പ്രായോഗിക ഭാവികർമ്മപരിപാടികൾ ആസൂത്രണം ചെയ്യുക

1.2. വിശ്വാസവർഷസമാപന ആഘോഷപരിപാടികൾ ഇടവക, ഫൊറോന, രൂപതാതലത്തിൽ ആസൂത്രണം ചെയ്യുക.

2. **ക്രൈസ്തവവിശ്വാസസാക്ഷ്യവും വർദ്ധിച്ചുവരുന്ന ലഹരിവസ്തുക്കളോടുള്ള ആസക്തി ഉയർത്തുന്ന വെല്ലുവിളികളും.**

2.1. വ്യക്തി, കുടുംബ, സമൂഹബന്ധങ്ങളിൽ ലഹരിവസ്തുക്കളുടെ ഉപയോഗം പുരുഷന്മാർ സ്ത്രീകൾ യുവാക്കൾ കുട്ടികൾ എന്നിവരിൽ ഉളവാക്കുന്ന സ്വാധീനം വ്യക്തമാക്കുക. ഉദ്ദേശം എത്ര ശതമാനം ആളുകൾ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നു.

2.2. "മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് അഭികാമ്യം" എന്ന പ്രസ്താവന ചർച്ച ചെയ്ത് അഭിപ്രായം രേഖപ്പെടുത്തുക.

2.3. ലഹരിവസ്തുക്കൾക്ക് അടിമയാകുന്നവരും അവരുടെ കുടുംബാംഗങ്ങളും അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങൾ ചർച്ച ചെയ്യുക. പരിഹാരം നിർദ്ദേശിക്കുക.

2.4. ഇടവക, ഫൊറോന, രൂപതാതലത്തിൽ ലഹരി സംസ്കാരത്തിനെതിരെ പ്രതിസംസ്കാരം വളർത്തിയെടുക്കാൻ സഭ ഇടപെട്ട് ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്ന നിർദ്ദേശങ്ങൾ നൽകുക.

**ഈ വിഷയങ്ങൾ ഫൊറോന പാസ്റ്ററൽ കൗൺസിലിൽ ചർച്ച ചെയ്ത് റിപ്പോർട്ടുകൾ മെയ് 31 ന് മുമ്പായി രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയെ ഏൽപിക്കുക.**

**ഫാ. അബ്രഹാം പാലത്തിങ്കൽ**
സെക്രട്ടറി, രൂപതാ പാസ്റ്ററൽ കൗൺസിൽ





# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

2013 ഏപ്രിൽ 22 നു തിങ്കളാഴ്ച 3 മണിക്ക് യുവക്ഷേത്രയിൽ വച്ചു കൂടിയ പ്രസ്ബിറ്ററൽ കൗൺസിലിൽ അഭിവന്ദ്യ പിതാവ് അദ്ധ്യക്ഷനായിരുന്നു. ബഹു. ജോസ് ചെനിയറയച്ചൻ പ്രാർത്ഥനയ്ക്കു നേതൃത്വം കൊടുത്തു. തുടർന്ന് എല്ലാവരും വിശ്വാസപ്രമാണം ഏററുചൊല്ലി. 47 അംഗങ്ങളിൽ 37 പേർ പങ്കെടുത്ത കൗൺസിലിൽ അംഗങ്ങളെ അഭിവന്ദ്യപിതാവ് സ്വാഗതം ചെയ്തു. പുതിയ അംഗങ്ങളായ ഫാ. ജീജോ ചാലയ്ക്കൽ, ഫാ. സെബാസ്ററ്യൻ താമരശ്ശേരി, ഫാ. ടെൻസൻ താനിക്കൽ എന്നിവരെ സമിതിയിലേക്ക് സ്വാഗതം ചെയ്തു. സെക്രട്ടറി ഫാ. ജോർജ് തുരുത്തിപള്ളി റിപ്പോർട്ട് അവതരിപ്പിച്ചു.

നമ്മുടെ രൂപതയിൽ കുടുംബകൂട്ടായ്മയുടെ സംവിധാനവുമായി ചേർന്നാണ് AKCC പ്രവർത്തിക്കുന്നത്. പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് AKCC യ്ക്ക് തനതായ ക്രമീകരണമാണ് നല്ലതെന്ന് രൂപതാ ഡയറക്ടർ ഫാ. ജോർജ് തുരുത്തിപള്ളി വിലയിരുത്തി. ജനറൽബോഡി അത് അംഗീകരിച്ചു. നമ്മുടെ രൂപതയിൽ AKCCക്കു മേഖല രൂപതതലങ്ങൾ മതിയെന്നു തീരുമാനിച്ചു. ഇടവകയിൽ നിന്നും യോഗ്യരായ അത്മായരെ ബഹു. വികാരിയച്ചന്മാർ നോമിനേറ്റുചെയ്യും അങ്ങനെ ഇടവകകളിൽ നിന്നും മേഖലയിലക്ക് നിർദ്ദേശിക്കപ്പെടുന്ന അത്മായർ ചേർന്നതാണ് AKCC മേഖല ജനറൽ ബോഡി. നമ്മുടെ രൂപതയെ നാലുമേഖലകളായി തിരിക്കുന്നു. a. വടക്കഞ്ചേരി മേഖല (വടക്കഞ്ചേരി, മംഗലഡാം മേലാർക്കോട് ഫൊറോനകൾ) b. പാലക്കാട് മേഖല (പാലക്കാട് ,ഒലവക്കോട്, തത്തമംഗലം ഫൊറോനകൾ) c. തച്ചമ്പാറ മേഖല (കാഞ്ഞിരപ്പുഴ, പൊന്നംങ്കോട് ഫൊറോനകൾ) d. മണ്ണാർക്കാട് മേഖല (മണ്ണാർക്കാട്, ഒറ്റപ്പാലം, താവളം ഫൊറോനകൾ). ഓരോ മേഖലയിൽ നിന്നും (ജനറൽ ബോഡിയിൽനിന്നും) 15 പേരെ തിരഞ്ഞെടുത്ത് എക്സിക്യൂട്ടീവ് ബോഡി രൂപീകരിക്കുന്നു. 4 മേഖലകളിലെ എക്സിക്യൂട്ടീവ് ബോഡി അംഗങ്ങൾ ചേർന്നതാണ് (4X15) രൂപത ജനറൽ ബോഡി. ഈ രൂപത ജനറൽ ബോഡിയിൽ നിന്നും 5 പേരടങ്ങുന്ന രൂപത ഭരണസമിതി രൂപീകരിക്കുന്നു.

തുടർന്ന് അജണ്ടയിലെ ഒന്നാമത്തെ ചർച്ചാവിഷയത്തിലേക്ക് പ്രവേശിച്ചു. 2012 ഒക്ടോബർ 12 നു കൂടിയ പ്രസ്ബിറ്ററൽ കൗൺസിലിൽ പ്രത്യേകം നിയോഗിച്ച ബഹു. ഡൊമിനിക് ഐപ്പൻപറമ്പിലച്ചനും, ബഹു ജോർജ് തുരുത്തിപള്ളിയച്ചനും പഠിച്ച്, ക്രമീകരിച്ച പിതൃസംഘം നിയമാവലി ബഹു. ഡൊമിനിക്കച്ചൻ അവതരിപ്പിച്ചു. ചില ഭേദഗതികളോടെ സമിതി നിയമാവലിക്ക് സമിതി അംഗീകാരം നല്കി. കഴിവതും വേഗം സമയബന്ധിതമായി ഇടവകകളിൽ ഈ ഭക്തസംഘടന രൂപീകരിക്കാനും തീരുമാനിച്ചു.

അജണ്ടയിലെ രണ്ടാമത്തെ വിഷയം ദേവാലയ ശുശ്രൂഷകരുടെ വേതനത്തെപറ്റിയായിരുന്നു. ബഹു ജനറാളച്ചനും, ബഹു. അബ്രഹാം പാലത്തി

ങ്കലച്ചനും, ബഹു. ജോർജ് തുരുത്തിപള്ളിയച്ചനുമായിരുന്നു വിഷയത്തെ പറ്റി പഠിക്കാൻ നിയമിച്ച സമിതി. സമിതിയുടെ നേതൃത്വത്തിൽ പല രൂപത കളിലും ഈ വിഷയത്തെ സംബന്ധിച്ച നിലവിലുള്ള ക്രമീകരണങ്ങൾ പഠിച്ചതിനുശേഷം ബഹു. മോൺ ജോസഫ്ചിറ്റിലപള്ളി വിഷയം അവതരിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചർച്ചകൾ നടന്നു. വേതനത്തെപറ്റി പ്രധാനപ്പെട്ട ആശയങ്ങൾ താഴെ പറയുന്നവയാണ്. ഈ നിർദ്ദേശങ്ങൾ ദേവാലയശുശ്രൂഷകൾക്കു കൊടുക്കേണ്ട മിനിമം വേതനമാണ്.

1. നമ്മുടെ രൂപതയിലെ ദേവാലയ ശുശ്രൂഷകരെ 4 തട്ടുകളായി തിരിക്കാവുന്നതാണ്. അതനുസരിച്ചാണ് വേതനം ക്രമീകരിച്ചിരിക്കുന്നത്.

a. മുഴുവൻ സമയവും പള്ളിയിലുള്ളവർ. ഇവർക്ക് 3700 രൂപ അലവൻസും 1300 രൂപ ടിഎ യും

b. എല്ലാ ദിവസവും ഒരു നിശ്ചിത സമയംമാത്രം (രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണിവരെ സ്വതന്ത്രനായിരിക്കും) ദേവാലയ ശുശ്രൂഷക്കായി നിയോഗിക്കപ്പെട്ടവർ. ഇവർക്ക് 2000 രൂപ അലവൻസും, 800 രൂപ ടി എയും.

c. ആഴ്ചയിൽ 3 ദിവസം മാത്രം ദേവാലയശുശ്രൂഷക്കായ് നിയോഗിക്കപ്പെട്ടവർ. ഇവർക്ക് 1300 രൂപ അലവൻസും 500 രൂപ ടിഎ യും

d. ഞായറാഴ്ച മാത്രം ദേവാലയശുശ്രൂഷയ്ക്കായ് നിയോഗിക്കപ്പെട്ടവർ. ഇവർക്ക് 800 രൂപ അലവൻസും 200 രൂപ ടി.എ യും

2. ദേവാലയത്തിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനു പുറമെ നടത്തപ്പെടുന്ന ദേവാലയശുശ്രൂഷകൾക്ക് 250 രൂപവീതം, ആർക്കുവേണ്ടി തിരുക്കർമ്മം അനുഷ്ഠിക്കപ്പെടുന്നുവോ അവരുടെ പക്കലിൽ നിന്നും വികാരി വാങ്ങികൊടുക്കുകയും ചെയ്യണം. വാങ്ങുന്നതിനു രസീതും കൊടുക്കുന്നതിനു വൗച്ചറും ഉണ്ടായിരിക്കണം. ഏതെങ്കിലും വ്യക്തിക്ക് ഈ തുക കൊടുക്കാൻ സാമ്പത്തികമായ ബുദ്ധിമുട്ടുണ്ടെങ്കിൽ അതിൽ നിന്നും കിഴിവ് കൊടുക്കാൻ വികാരിക്ക് അധികാരമുണ്ട്.

3. ദേവാലയശുശ്രൂഷക്കുവരുന്ന ബഹു. സിസ്റ്റേഴ്സിനു ഉചിതമായ പ്രതിഫലം ക്രമപ്പെടുത്തണം

4. വിവാഹത്തോടനുബന്ധിച്ച് പള്ളിക്കു കൊടുക്കുന്ന "പതാവാരം" കുറഞ്ഞത് 1000 രൂപയാണ്. ഇവിടെയും വ്യക്തിയുടെ സാമ്പത്തികസ്ഥിതി അനുസരിച്ച് വികാരിക്കു ഒഴിവോ, സംഖ്യയിൽ കുറവോ അനുവദിക്കാവുന്നതാണ്.

5. നിത്യകുർബാന ഏറ്റെടുക്കുന്ന രീതി ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് ഇനിമുതൽ ആ പതിവ് വേണ്ടെന്നു വയ്ക്കാനും അതേ സമയം വി കുർബാന ചൊല്ലിക്കാൻ ദൈവജനത്തെ പ്രോത്സാഹിപ്പിക്കാനും തീരുമാനിച്ചു. ഇതുവരെ നിത്യകുർബാന ഏറ്റെടുത്തിരിക്കുന്ന ഇടവകകളിൽ നിശ്ചതകാലം കഴിയുന്നതുവരെ അത് തുടരേണ്ടതാണ്.

6. പുതുക്കിയ 'പടിസാധനം' ക്രമീകരിക്കാൻ ബഹു. ജനറാളച്ചനെ അഭിവന്ദ്യപിതാവ് ചുമതലപ്പെടുത്തി.

അജണ്ടയിലെ അടുത്ത ചർച്ചാവിഷയമായ "വിശ്വാസവർഷാചരണം ഇന്നുവരെ, വിശ്വാസവർഷസമാപനം" എന്നീ വിഷയങ്ങൾ അടുത്ത പ്രസ്ബിറ്ററൽ കൗൺസിൽ ചർച്ചചെയ്യാമെന്നു തീരുമാനിച്ചു. തുടർന്ന് ത്രൈമാസ സമ്മേളനം നടക്കേണ്ടിയിരുന്നതിനാൽ 6 മണിക്കു പ്രാർത്ഥനയോടുകൂടി സെനറ്റ് അവസാനിച്ചു.





**ഫാ. ജോർജ് തുരുത്തിപള്ളി**
പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി.

# വിശ്വാസവർഷം - പഠനപരമ്പര 5

## ഏകവും, പരിശുദ്ധവും, ശ്ലൈഹികവും, സാർവ്വത്രികവുമായ തിരുസഭ

ക്രിസ്തുവിന്റെ നാമത്തിൽ അറിയപ്പെടുകയും തങ്ങളാണ് സത്യസഭയെന്നു അവകാശപ്പെടുകയും ചെയ്യുന്ന അനേകായിരം സഭാസമൂഹങ്ങൾ ഇന്നു ലോകത്തിലുണ്ട്. ഇവയിൽ ഏതാണ് ക്രിസ്തു സ്ഥാപിച്ച സഭയെന്ന് എങ്ങനെ അറിയും? ക്രിസ്തുവിന്റെ തുടർച്ചയായ സഭയെ തിരിച്ചറിയാനുള്ള അടയാളങ്ങളാണ് വിശ്വാസപ്രമാണത്തിൽ നാം ഏറ്റുചൊല്ലുന്നത്: "ഏകവും, പരിശുദ്ധവും, ശ്ലൈഹികവും, സാർവ്വത്രികവുമായ സഭയിൽ ഞാൻ വിശ്വസിക്കുന്നു" (Credo in Unam, Sanctam, Apostolicam, Catholicam Ecclesiam). പരസ്പരം വേർപെടുത്താനാവാത്തവിധം ബന്ധപ്പെട്ടതാണ് ഈ നാലു അടയാളങ്ങളും അതിനാൽ ഇതിൽ ഏതെങ്കിലും ഒന്നുമാത്രം ഒരു സഭാസമൂഹത്തിൽ പ്രത്യക്ഷമായതുകൊണ്ട് അത് യഥാർത്ഥത്തിൽ ക്രിസ്തു സ്ഥാപിച്ച സഭയാകുന്നില്ല. തന്റെ സഭ എന്നും ഏകവും, പരിശുദ്ധവും, കാതോലികവും, അപ്പസ്തോലികവുമായിരിക്കണം എന്നു നിശ്ചയിച്ചത് ക്രിസ്തുവാണ്. ഈ അടയാളങ്ങളുടെ അർത്ഥം ബൈബിളിന്റെ അടിസ്ഥാനത്തിലും സഭാപാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലുമാണ് വിശദീകരിക്കാൻ ശ്രമിക്കുന്നത്.

**സഭ ഏകമാണ് :**

ക്രിസ്തു ഒരു സഭയേ സ്ഥാപിച്ചിട്ടുള്ളൂ. അജഗണത്തിന്റെയും (യോഹ. 10:1-6), മുന്തിരിച്ചെടിയുടെയും (യോഹ. 15:1) ഉപമകളിലൂടെ സഭയുടെ ഐക്യത്തെപ്പറ്റി അവിടന്നു പഠിപ്പിച്ചു. തന്റെ അന്തിമാഭിലാഷമെന്നവണ്ണം പിതാവിനോട് യേശു മുട്ടിപ്പായി പ്രാർത്ഥിച്ചതും ഈ ഐക്യത്തിനുവേണ്ടിയാണ് (യോഹ. 17:21). ആദിമസഭ ഈ ഐക്യം വളരെ ശ്രദ്ധയോടെ കാത്തുസൂക്ഷിച്ചുപോന്നു. പങ്കുവെക്കുന്ന കൂട്ടായ്മയിലൂടെ അവർ തങ്ങളുടെ ഐക്യം പ്രകടമാക്കി. "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു" (അപ്പ 2:44). "വിശ്വാസികളുടെ സമൂഹത്തിനു ഒരു ഹൃദയവും, ഒരാത്മാവും ആയിരുന്നു" (അപ്പ 4:32). വൈവിധ്യം നിലനിർത്തിക്കൊണ്ടുതന്നെ ഏകത്വം സൂക്ഷിച്ചുപോന്ന സഭയിൽ കാലക്രമത്തിൽ പിളർപ്പുകളുണ്ടായി. ഇന്ന് അനേകായിരം വിഘടിത സമൂഹങ്ങളുണ്ട്. ഇവരിൽ നിന്നും സത്യസഭയെ വ്യതിരക്തമാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ലക്ഷണങ്ങളിൽ ഒന്നാണ് സഭയുടെ ഏകത്വം.

രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയുടെ ഏകത്വത്തെ വിശ്വാസത്തിലെ ഏകത്വം, കൂട്ടായ്മയിലെ ഏകത്വം എന്ന് രണ്ടായി തരംതിരിച്ചിട്ടുണ്ട്. വിശ്വാസത്തിലെ ഏകത്വം എന്നതിലൂടെ വിശ്വാസസത്യങ്ങളായി സഭ പഠിപ്പിച്ചിട്ടുള്ളവയെ സകല വിശ്വാസികളും അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുവെന്നാണ് അർത്ഥമാക്കുന്നത്. കൂട്ടായ്മയിലെ ഏകത്വം എന്നതിലൂടെ മാർപാപ്പയും, മെത്രാന്മാരും, വൈദികരും, സന്യസ്തരും, അല്മായരും അടങ്ങുന്ന ദൈവജനത്തിന്റെ കൂട്ടായ്മയെന്നാണർത്ഥമാക്കുന്നത്. റോമാ മാർപാപ്പയുടെ പ്രബോധനത്തെ സകല മെത്രാന്മാരും, മെത്രാന്മാരുടെ പ്രബോധനത്തെ സകല വൈദികരും, അല്മായരും സ്വീകരിച്ച് ആചരിക്കണം. Hierarchical Unity അഥവാ ശ്രേണീപരമായ ഐക്യമെന്നാണ് ഇതറിയപ്പെടുന്നത്. ഈ ഐക്യത്തെ ആരാധനക്രമ ഐക്യമെന്നാണ് വിശേഷിപ്പിക്കുന്നത്. സഭ ഏകമാകുന്നത് ഒരു ഇടയനും ഒരു തൊഴുത്തുമായി വിശ്വാസികൾ ഒന്നടങ്കം പരമപിതാവിനു ആരാധന അർപ്പിക്കുമ്പോഴാണ്.

സഭയുടെ ഏകത്വത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ ശില പത്രോസിന്റെ പ്രഥമതയും, പ്രാധാന്യവുമാണ്. പത്രോസാകുന്ന പാറയിൽ (മത്താ 16:18) അപ്പസ്തോലന്മാരാകുന്ന അടിത്തറമേൽ (എഫേ 2:20) യേശു പണിതുയർത്തിയ ഭവനമാണ് സഭ. തന്റെ അജഗണത്തെ മേയ്ക്കുവാൻ പത്രോസിനെയാണ് നാഥൻ ചുമതലപ്പെടുത്തിയത് (യോഹ 21:15-17). അപ്പസ്തോലന്മാരുടെ പിൻഗാമികൾ പത്രോസിന്റെ നേതൃത്വത്തിൽ ക്രിസ്തുവിന്റെ സഭയെ നയിക്കുന്നു. അങ്ങനെ ഒരേ ഒരു നേതൃത്വം ഉള്ളതിനാലും സഭ ഏകമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ ചൂണ്ടിക്കാട്ടുന്നതുപോലെ, സകല വിശ്വാസികളും വിശ്വാസത്തിന്റെ ഐക്യത്തിലും കൂട്ടായ്മയിലും നിലനിൽക്കുവാനായി (In fidei et Communionis Unitate) അപ്പസ്തോലഗണത്തിന്റെ തലവനായി പത്രോസിനെ നിയമിക്കുകയും അതുവഴി സഭയുടെ കൂട്ടായ്മയുടെ അടിസ്ഥാനതത്വവും, ദൃശ്യഅടയാളവുമായി പത്രോസിനെ മാറ്റുകയും ചെയ്തു. പത്രോസിന്റെ റോമിലെ സിംഹാസനത്തിന്റെ പ്രാധാന്യവും, പ്രാമുഖ്യവും ചോദ്യം ചെയ്യുന്നതിലൂടെയാണ് സഭയിൽ പല പിളർപ്പുകളും രൂപംകൊണ്ടത്. അതിനാൽ സഭയുടെ ഏകത്വത്തിൽ മാർപാപ്പയുടെ സ്ഥാനം വലുതാണ് എന്ന വസ്തുത ഓർമ്മിക്കപ്പെടേണ്ടതാണ്.

സഭയുടെ ഏകത്വം എന്നത് സഭയുടെ കൂട്ടായ്മയാണ്. പാശ്ചാത്യവും, പൗരസ്ത്യവുമായ 23 സഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭ. വൈവിധ്യമാർന്ന ആരാധനക്രമവും, ആധ്യാത്മികതയും അധികാരഘടനയുമുള്ള ഓരോ സഭകളുടെയും തനിമകളെ ഇതര സഭകൾ ആദരവോടെ മനസ്സിലാക്കുന്നു. എല്ലാ വ്യക്തിസഭകളെയും ഐക്യരൂപത്തിലെത്തിക്കുന്നതിലൂടെയല്ല മറിച്ച് വിവിധ സഭകളുടെ തനിമകളെ ആദരവോടെ അംഗീകരിക്കുന്നതിലൂടെ ഉളവാകുന്ന കൂട്ടായ്മയിലൂടെയാണ് സഭയുടെ ഏകത്വം ദൃശ്യമാകുന്നത്. സഭ ക്രിസ്തുവിന്റെ ശരീരമാണ് എന്ന പൗലോസ് ശ്ലീഹായുടെ പ്രബോധനം, വൈവിധ്യങ്ങളുടെ നടുവിൽ വിരിയുന്ന സഭയുടെ കൂട്ടായ്മയെ മനോഹരമായി ചിത്രീകരിക്കുന്നു. ശരീരത്തിലെ അവയവങ്ങൾ തമ്മിൽ





സ്ഥാനത്തിലും, പ്രാധാന്യത്തിലും, ധർമ്മത്തിലും, ആകാരത്തിലും വ്യത്യാസങ്ങളുണ്ടെങ്കിലും അവയെല്ലാം ശരീരത്തിനു അത്യന്താപേക്ഷിതങ്ങളാണെന്നും, ഒരു അവയവത്തിനും ശരീരത്തിന്റെ കൂട്ടായ്മ ഇല്ലാതെ അസ്ഥിത്വമില്ലെന്നും അപ്പസ്തോലൻ ഓർമ്മിപ്പിക്കുന്നു (എഫേ 4:15). അതുകൊണ്ട് സഭയുടെ ഐക്യത്തെ ഹനിക്കുന്ന എല്ലാവിധ ഭിന്നതകളിൽനിന്നും (ശീശ്മകളിൽനിന്നും പാഷണ്ഡതകളിൽനിന്നും) വിട്ടുനിൽക്കണമെന്ന് പൗലോസ് ശ്ലീഹ ആഹ്വാനം ചെയ്യുന്നുണ്ട് (1 കൊറി 1:10, തിത്തോ 3:10, ഗലാ 1:8).

സഭയുടെ ഐക്യത്തിനു സഭാപിതാക്കന്മാർ ഏറെ ഊന്നൽ നല്കിയിരുന്നു. ക്രിസ്തീയ വിശ്വാസം വ്യതിരിക്തമാകുന്നത് അതിന്റെ വിശ്വാസപരമായ ഐക്യത്തിലാണെന്നു സഭാ പിതാവായ വി. ഇരണേവൂസ് വ്യക്തമാക്കുന്നു, "ലോകമാസകലമുള്ള മനുഷ്യൻ ഒരേ സൂര്യന്റെ പ്രകാശം അനുഭവിക്കുന്നതുപോലെ സകല ജനപദങ്ങളിലുമുള്ള മനുഷ്യൻ ഒരേ രക്ഷാസന്ദേശം ഗ്രഹിക്കുകയും, ഏകസത്യത്തെ ആശ്ലേഷിക്കുകയും ചെയ്യുന്നു". വി. ഇരണേവൂസിന്റെ ഈ പ്രസ്താവന സഭയുടെ ഏകത്വത്തെ ആവർത്തിച്ചുറപ്പിക്കുന്നു. സഭ ഏകമാണെന്ന വിശ്വാസസത്യം പ്രവർത്തനനിരതമാകണമെങ്കിൽ താഴെ പറയുന്ന മണ്ഡലങ്ങളിൽ കൂടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്.

a) ഓരോ വിശ്വാസിയും സഭ നല്കുന്ന പ്രബോധനം അംഗീകരിച്ച് വിശ്വസ്തതയോടെ ജീവിക്കണം.

b) സഭയിലെ വൈവിധ്യങ്ങളെ പരസ്പരം ബഹുമാനത്തോടെ മനസിലാക്കണം. തെറ്റിദ്ധാരണകൾ മൂലം വിവിധ റീത്തുകൾ പരസ്പരം ഏല്പിച്ചിട്ടുള്ള മുറിവുകൾ ഉണക്കുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തണം.

c) വിവിധ കാരണങ്ങളാൽ സഭാകൂട്ടായ്മയിൽ നിന്നു ഭിന്നിച്ചുപോയിട്ടുള്ള സഭകളെയും വ്യക്തികളെയും ക്രിസ്തു സ്ഥാപിച്ച ഏക സഭയിലേക്ക് തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ എളിമയോടെ ആരംഭിക്കണം.

d) വിഘടിത വിഭാഗങ്ങൾ രൂപംകൊള്ളുമ്പോൾ തന്നെ അവയുടെ കാരണം കണ്ടെത്തി പരിഹരിക്കാനും, നിക്ഷിപ്ത താല്പര്യങ്ങൾമൂലം സഭയിൽ ഭിന്നതയുളവാക്കുന്നവർക്കെതിരെ അനുയോജ്യമായ നടപടികൾ, അനുയോജ്യമായ സമയത്ത് എടുക്കാനും കഴിയണം.

e) സഭയുടെ ഐക്യം വന്ധ്യമായൊരു ആശയമല്ല. സേവനത്തിലൂടെ ഫലമണിയേണ്ട സ്നേഹത്തിലുള്ള ഐക്യമാണ്. സഹോദരന്റെ ദുഃഖത്തിലും, സന്തോഷത്തിലും പങ്കുചേരുകയും, അവശത അനുഭവിക്കുന്നവർക്ക് മുൻഗണന നല്കുകയും ചെയ്യുമ്പോഴാണ് ഈ ഐക്യം ഏറ്റവും കൂടുതൽ പ്രകടമാകുന്നത്. ഭാരതപശ്ചാത്തലത്തിൽ 'അവശ ക്രൈസ്തവർ', 'ഹരിജൻ ക്രൈസ്തവർ' എന്നീ പേരുകളിൽ അറിയപ്പെടുന്നവർ ഉൾപ്പെടെ എല്ലാ വിശ്വാസികളും ഒരേ സഭയുടെ അംഗങ്ങളും, ഒരേ ശരീരത്തിന്റെ അവയവങ്ങളും ആണെന്നും എല്ലാ സഭാംഗങ്ങൾക്കും അനുഭവപ്പെടണം.

(സഭ പരിശുദ്ധം, ശ്ലൈഹികം, സാർവ്വത്രികം - എന്നീ വിശ്വാസസത്യങ്ങൾ തുടർന്നുവരുന്ന പരമ്പരകളിൽ ചർച്ചചെയ്യും).

**ഫാ. ജോർജ്ജ് തുരുത്തിപ്പിള്ളി**

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Jun-13 | SAT | Rev. Fr. Thottankara Francis |
| 3-Jun-13 | MON | Rev. Fr. Thottian Paul |
| 4-Jun-13 | TUE | Rev. Fr. Thukkuparambil Betson |
| 5-Jun-13 | WED | Rev. Fr. Thuruthuvelil Nilesh |
| 6-Jun-13 | THU | Rev. Fr. Thuruthipally George |
| 7-Jun-13 | FRI | Rev. Fr. Vadakkekara Goji |
| 8-Jun-13 | SAT | Rev. Fr. Vadakkekara Tom |
| 10-Jun-13 | MON | Rev. Fr. Vadakkumchery Thomas |
| 11-Jun-13 | TUE | Rev. Fr. Vadakken Jaison |
| 12-Jun-13 | WED | Rev. Fr. Valayathil Xavier |
| 13-Jun-13 | THU | Rev. Fr. Vattukalathil Saji |
| 14-Jun-13 | FRI | Rev. Fr. Vazhayil Mathew |
| 15-Jun-13 | SAT | Rev. Fr. Vazheparambil Sebastian |
| 17-Jun-13 | MON | Rev. Fr. Velliamkandathil Jaijin |
| 18-Jun-13 | TUE | Rev. Fr. Ackaparambil Joyson |
| 19-Jun-13 | WED | Rev. Fr. Aikkara Aji |
| 20-Jun-13 | THU | Rev. Fr. Aippanparambil Dominic |
| 21-Jun-13 | FRI | Rev. Fr. Alackakunnel Jose |
| 22-Jun-13 | SAT | Rev. Fr. Aloor John |
| 24-Jun-13 | MON | Rev. Fr. Angeveettil Jose |
| 25-Jun-13 | TUE | Rev. Fr. Anjilimoottil Cherian |
| 26-Jun-13 | WED | Rev. Fr. Aricatt C. Antu |
| 27-Jun-13 | THU | Rev. Fr. Arisseriyil Thomas |
| 28-Jun-13 | FRI | Rev. Fr. Chakkumpeedika Davis |
| 29-Jun-13 | SAT | Rev. Fr. Chalakkal Jeejo |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





## വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

**റീ. എക്സാമിനേഷൻ**

10-ാം ക്ലാസ്സിന്റെ റീ എക്സാം മെയ് 5-ാം തീയതി നടത്തപ്പെടുന്നു. മെയ് 6-ാം തീയതി തിങ്കളാഴ്ച്ച തന്നെ ഉത്തരക്കടലാസുകൾ മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**Writers' Hunt**

സാഹിത്യ മേഖലയോട് അഭിരുചിയുള്ള, സാഹിത്യ വാസന പേറുന്നവർക്കായി ഏകദിന ശിൽപശാല 2013 മെയ് 20 ന് പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 9.30 ന് നടത്തപ്പെടുന്നു. പങ്കെടുക്കാൻ താൽപര്യപ്പെടുന്നവർ മെയ് 15 നു മുൻപായി വിശ്വാസപരിശീലനവേദിയിൽ വിളിച്ചറിയിക്കുക. ഏല്ലാ സാഹിത്യകാരന്മാർക്കും സ്വാഗതം.

**സ്റ്റാർസ്**

സ്റ്റാർസ് ബഞ്ച് **B** യിലും **C** യിലും അംഗങ്ങളായിരിക്കുന്നവർക്കുള്ള മൂന്നു ദിവസത്തെ ട്രെയിനിംഗ് പ്രോഗ്രാം മെയ് 6,7,8 തീയതികളിലായി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 10 മണിക്ക് ആരംഭിച്ച് വൈകുന്നേരം 3.30 ന് അവസാനിക്കുന്നു. പങ്കെടുക്കുന്നവർ മെയ് 3 നു മുൻപായി വിശ്വാസപരിശീലന വേദിയിൽ അറിയിക്കേണ്ടതാണ്.

**മതബോധന സംയുക്ത സമ്മേളനം**

2013 മെയ് 25-ാം തിയ്യതി ശനിയാഴ്ച കാലത്ത് 9.00 മുതൽ 12.00 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് മതബോധന സംയുക്ത സമ്മേളനം നടക്കുന്നു. **2013-2014 അധ്യയന വർഷത്തിന്റെ ഉദ്ഘാടനം, 2012-2013 അധ്യായന വർഷത്തിന്റെ റിപ്പോർട്ട് അവതരണം, 10-12 ക്ലാസ്സുകളിലെ റാങ്ക് ജേതാക്കളെ ആദരിക്കൽ, സൺഡേസ്കൂൾ, റെഗുലർ സ്കൂൾ, സ്കോളർഷിപ്പ് വിജയികൾക്കുള്ള സമ്മാനദാനം, അടുത്തവർഷത്തേക്കുള്ള കലണ്ടർ, സ്റ്റാറ്റിസ്റ്റിക്സ് ഫോമുകൾ, സർട്ടിഫിക്കറ്റുകൾ, ലോഗോസ് രജിസ്ട്രേഷൻ ഫോമുകളുടെ വിതരണം തുടങ്ങിയവയാണ് അന്നേ ദിവസത്തെ പരിപാടികൾ.** സമ്മാനാർഹരായവരെ പങ്കെടുപ്പിക്കാൻ പ്രധാനാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സമ്മാനദാനം രാവിലെ അഭിവന്ദ്യപിതാവ് നിർവ്വഹിക്കുന്നതാണ്. ബഹു. വികാരിയച്ചന്മാരും മതബോധന കൗൺസിൽ അംഗങ്ങളും, സൺഡേസ്കൂൾ റെഗുലർസ്കൂൾ പ്രധാനാദ്ധ്യാപകരും സമ്മാനാർഹരായവരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. എല്ലാവരേയും

പ്രസ്തുത സമ്മേളനത്തിലേക്ക് സാദരം ക്ഷണിക്കുകയും ചെയ്യുന്നു.

**യൂണിറ്റുകളിൽ സ്റ്റാഫ് മീറ്റിംഗ്**

മെയ് 26-ാം തിയ്യതി ഞായറാഴ്ച ഇടവകകളിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും മതബോധന കലണ്ടർ ചർച്ച ചെയ്ത് പ്രവർത്തന രൂപരേഖ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം മതബോധനദിനാചരണത്തെക്കുറിച്ച് ചിന്തിക്കുകയും വിശ്വാസപരിശീലനവർഷാരംഭദിനമായ ജൂൺ 2-ാം തിയ്യതി മതബോധനദിനമായി ആചരിക്കുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**സൺഡേ കാറ്റികിസം പുസ്തകങ്ങൾ**

പുതിയ അദ്ധ്യായന വർഷത്തേക്ക് അതാത് യൂണിറ്റുകളിൽ ആവശ്യമുള്ള പുസ്തകങ്ങളുടെ എണ്ണം നിർദ്ദിഷ്ട ഓർഡർ ഫോമിൽ പൂരിപ്പിച്ച് മെയ് 10-ന് മുമ്പായി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ബി.ടി.സി**

വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കായുള്ള ബേസിക് ട്രെയ്നിംഗ് കോഴ്സ് (ബി.ടി.സി) ജൂൺമാസം (7, 8, 9 വെള്ളി, ശനി, ഞായർ) തിയ്യതികളിലായി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ രാത്രി 10 മണിവരെയാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാവരും പാസ്റ്ററൽ സെന്ററിൽ താമസിച്ച് ബി.ടി.സി കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

3 ദിവസത്തെ കോഴ്സിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് മാത്രമേ ബി.ടി.സി സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂവെന്ന് ഓർമ്മിപ്പിക്കുന്നു. ബി.ടി.സി സർട്ടിഫിക്കറ്റ് മതബോധന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഒരു അടിസ്ഥാന യോഗ്യതയാണ്. 12-ാം ക്ലാസ്സ് കഴിഞ്ഞവരും വരും വർഷങ്ങളിൽ വേദപാഠം പഠിപ്പിക്കാൻ സാധ്യതയുള്ളവരും ഇതിൽ പങ്കെടുക്കുന്നത് ഉചിതമായിരിക്കും. രജി.ഫീസ്. 200 രൂപ

**വിശ്വാസപരിശീലന വാർഷാരംഭം (മതബോധനദിനം)**

ജൂൺ 2-ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യായനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേദിനം ഇടവകകളിൽ മതബോധനദിനമായി ആചരിക്കാനും അന്നേ ദിവസം മുൻകൂട്ടി അറിയിച്ച് സ്തോത്രക്കാഴ്ച എടുത്ത് പ്രസ്തുത തുക മതബോധന പ്രവർത്തനങ്ങൾക്കായി രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കാനും ശ്രദ്ധിക്കുമല്ലോ.

**വിഷൻ ക്യാമ്പ് 2013**

ഈ വർഷം10-ാം ക്ലാസ്സിൽ പരീക്ഷയെഴുതിയ കുട്ടികൾക്കായി ജീവിതദർശന ക്യാമ്പ് മതബോധന കേന്ദ്രം സംഘടിപ്പിക്കുകയുണ്ടായി. ഒമ്പത് സെഷനുകളിലായി രണ്ട് ദിവസം വീതം നടന്ന ക്യാമ്പിൽ 761 കുട്ടികൾ പങ്കെടുത്തു. കരിയർ ഗൈഡൻസ്, വ്യക്തിത്വവികസനം, ധാർമ്മികത,





കാർഷികജീവിതം, ക്രിസ്ത്യൻ മനഃസാക്ഷി, ദൈവവിളി തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് പ്രമുഖർ ക്ലാസ്സുകൾ എടുത്തു. ശ്രീ. ഡെന്നി തെങ്ങുംപ്പള്ളി, ശ്രീ. ബിജു, ശ്രീ. സുരേഷ് ബാബു, ശ്രീ. അലക്സ്, റവ. ഫാ. സജി വട്ടുകളത്തിൽ, റവ. ഫാ. ജെയ്മോൻ പള്ളിനീരാക്കൽ, റവ. ഫാ. ജോജി വടക്കേക്കര, റവ.ഫാ ജോമിസ് കൊടകശ്ശേരിൽ, റവ. ഫാ. ജോമി തേക്കുംകാട്ടിൽ തുടങ്ങിയവർ ക്ലാസ്സെടുത്തു.

**നന്ദിയും സ്വാഗതവും**

വിശ്വാസപരിശീലന വേദിയിൽ വളരെ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച് സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തിയോളജി പഠനത്തിനായി പോകുന്ന റവ. ബ്ര. ആന്റണി തേക്കാനത്തിന് ഹൃദ്യമായ നന്ദിയും പ്രാർത്ഥനാശംകളും.

അതോടൊപ്പം വിശ്വാസപരിശീലനവേദിയിൽ പുതിയതായി ചാർജ്ജെടുത്ത റവ. ബ്ര. ജൈജു കൊഴുപ്പക്കളത്തിന് ഹൃദ്യമായ സ്വാഗതം.

**Regular School Scholarship Examination Result 2012-2013**

**Daily Catechism**

| | Name | School | Mark |
|---|---|---|---|
| **IV** - 1st Rank | Jipsa Binu | Carmel UPS Palakkayam | 90 |
| 2nd Rank | Kripseena Mathew | Mt. Carmel LPS Jellipara | 82 |
| 3rd Rank | Rose C P | Holy Family CUPS Alathur | 78 |
| **VII -** 1st Rank | Christeena Mathew | Mt. Carmel LPS Jellipara | 90 |
| 2nd Rank | Jebin Thomas | Vijayamatha HSS Chittur | 88 |
| 3rd Rank | Elsa John | Holy Family CUPS Mundakunnu | 86 |
| **X -** 1st Rank | Nandhitha Pauly | Kanickamatha | 92 |
| 2nd Rank | Anagha Baby | Cherupuzhpam VDY | 84 |
| 3rd Rank | Vismaya Joseph | St. Peter's Kookkampalayam | 80 |

**Moral Science**

| | | | |
|---|---|---|---|
| **IV -** 1st Rank | Nitha A | Holy Family, Ponnamkode | 90 |
| 2nd Rank | Nasia A | St. Thomas LPS, Olipara | 84 |
| 3rd Rank | Suvenya S | St. Rita's Nemmara | 80 |
| **VII-** 1st Rank | Swathy SJ | Assisi, Kanjikode | 94 |
| 2nd Rank | Maria K Darlin | Assisi, Kanjikode | 92 |
| 3rd Rank | Sruthy H | Vijayamatha Chittur | 86 |
| **X-** 1st Rank | Telma Thomas | Cherupuzhpam VDY | 98 |
| 2nd Rank | Prineesha K P | Arogyamatha Kottathara | 96 |
| 3rd Rank | Anupriya | Vijayamatha Chittur | 94 |
| **XII-** 1st Rank | Sangeetha Sajeevu | Chrupuzhpam VDY | 76 |
| 2nd Rank | Helna Thomas | Chrupuzhpam VDY | 72 |
| 3rd Rank | Sneha Jaison | Chrupuzhpam VDY | 70 |

**School Catechism in Moral Science Rolling Trophy Winners 2012-2013**

L.P. Section : Carmel U.P.S. Palakkayam & Holy Family School, Ponnamkode

U.P. Section : Assisi EMHSS Kanjikode

H.S. Section : Cherupushpam GHSS Vadakkencherry

H.S.S. Section : Cherupushpam GHSS Vadakkencherry

**Xth Examination Result 2012-2013 at a glance**

| Parish | Attended | Passed | Distinction | First Class | Percentage |
|---|---|---|---|---|---|
| **KANJIRAPUZHA** | 25 | 22 | - | 13 | 88% |
| Cheenickappara | 12 | 12 | 4 | 6 | 100% |
| Irumpakachola | 20 | 20 | 3 | 9 | 100% |
| Kanjirapuzha Dam | 7 | 7 | 1 | 4 | 100% |
| Palakkayam | 17 | 17 | 5 | 9 | 100% |
| Poonchola | 13 | 12 | - | 6 | 92.3% |
| Vazhikadavu | 3 | 2 | - | 1 | 66.6% |
| Vimalagiri | 2 | 2 | - | 2 | 100% |
| **MANGALAM DAM** | 27 | 27 | 3 | 12 | 100% |
| Baleswaram | 3 | 3 | - | 2 | 100% |
| Marianagar -Chittady | 4 | 4 | 2 | 2 | 100% |
| Maryland-Chittady | 1 | 1 | - | - | 100% |
| Elavampadam | 14 | 14 | 1 | 6 | 100% |
| Kadappara | 4 | 3 | - | 3 | 75% |
| Kairady | 4 | 4 | 3 | 1 | 100% |
| Mankurissi | 7 | 7 | 1 | 3 | 100% |
| Neethipuram | 7 | 6 | 1 | 3 | 85.7% |
| Olippara | 14 | 14 | 2 | 7 | 100% |
| Ponkandam | 12 | 11 | 1 | 7 | 91.6% |
| **MANNARKKAD** | 24 | 22 | 2 | 8 | 91.6% |
| Alanallur | 3 | 3 | 1 | 2 | 100% |
| Edathanattukara | 1 | 1 | - | 1 | 100% |
| Kandamangalam | 5 | 5 | 3 | 2 | 100% |
| Karapadam | 11 | 11 | 1 | 5 | 100% |
| Kottapuram | 2 | 2 | - | - | 100% |
| Mezhukumpara | 2 | 2 | - | 2 | 100% |
| Sreekrishnapuram | 14 | 13 | 1 | 8 | 92.8% |
| Thiruvizhamkunnu | 2 | 2 | - | - | 100% |
| **MELARCODE** | 6 | 6 | 1 | 4 | 100% |





| | | | | | |
|---|---|---|---|---|---|
| Alathur | | | | | |
| Chittilanchery | 3 | 3 | - | 3 | 100% |
| Nammara | 9 | 8 | 1 | 6 | 88.8% |
| Pothundy | 6 | 6 | - | 4 | 100% |
| **OLAVAKODE** | 16 | 15 | 1 | 2 | 93.7% |
| Akamalavaram | 7 | 3 | - | 2 | 42.85% |
| Anakkal | 5 | 5 | - | 3 | 100% |
| Dhoni | 3 | 3 | - | 2 | 100% |
| St. Jude Malampuzha | 12 | 10 | - | 6 | 83.3% |
| South Malampuzha | 1 | 1 | - | 1 | 100% |
| Mundur | 9 | 9 | 2 | 4 | 100% |
| Mylampully | 13 | 13 | - | 6 | 100% |
| Pulappatta | 11 | 11 | 2 | 5 | 100% |
| **OTTAPPALAM** | 7 | 7 | 3 | 3 | 100% |
| Alengad | 5 | 5 | 1 | 3 | 100% |
| Cherpulassery | 3 | 3 | - | - | 100% |
| Kadambur | 8 | 7 | - | 5 | 87.5% |
| Katambazhipuram | 8 | 7 | 1 | 2 | 87.5% |
| Keralassery | 9 | 9 | 1 | 4 | 100% |
| Koonathara | 8 | 7 | - | 3 | 87.5% |
| Kulakkattukurissi | 5 | 5 | - | 1 | 100% |
| Palappuram | 3 | 2 | - | 1 | 66.6% |
| Pattambi | 7 | 7 | - | 4 | 100% |
| Shornur | 8 | 8 | - | 5 | 100% |
| **PALAKKAD** | 31 | 31 | 2 | 15 | 100% |
| Chandranagar | 12 | 10 | - | 4 | 83.3% |
| Kallepully | 5 | 5 | - | 2 | 100% |
| Kanjikode | 20 | 20 | 3 | 6 | 100% |
| Kodunthirapully | 4 | 4 | - | 2 | 100% |
| Palakkad Town | 15 | 15 | 1 | 9 | 100% |
| Walayar | 1 | 1 | 1 | - | 100% |
| Kallepully Semianry | 3 | 3 | 2 | - | 100% |
| **PONNAMKODE** | 27 | 27 | 4 | 15 | 100% |
| Arappara | 9 | 8 | 1 | 3 | 88.8% |
| Chulliamkulam | 5 | 5 | - | 2 | 100% |
| Kalladikode | 9 | 9 | 2 | 5 | 100% |
| Karakurissi | 12 | 12 | 1 | 7 | 100% |
| Karimba | 12 | 12 | 3 | 5 | 100% |
| Niravu | 2 | 2 | 1 | 1 | 100% |
| Pombra | 6 | 6 | 2 | 2 | 100% |

| | | | | | |
|---|---|---|---|---|---|
| **THATHAMANGALAM** | 8 | 8 | 2 | 5 | 100% |
| Chittur | 11 | 11 | 1 | 8 | 100% |
| Kollengode | 3 | 3 | 2 | 1 | 100% |
| Kozhinjampara | 8 | 8 | 1 | 2 | 100% |
| Ambattupalayam | 4 | 4 | 3 | 1 | 100% |
| **THAVALAM** | 11 | 11 | 1 | 8 | 100% |
| Agali | 16 | 16 | - | 12 | 100% |
| Chittur | 6 | 6 | 1 | 1 | 100% |
| Jellipara | 36 | 34 | - | 13 | 94.4% |
| Karara | 5 | 4 | - | 2 | 80% |
| Kottathara | 8 | 6 | - | 5 | 75% |
| Puliyara | 1 | 1 | - | 1 | 100% |
| Santhithadam | 2 | 2 | - | 2 | 100% |
| Sholayur | 2 | 2 | - | 2 | 100% |
| Thrithwamala | 19 | 18 | 1 | 9 | 94.7% |
| Vayalur | 2 | 2 | - | 2 | 100% |
| **VADAKKENCHERY** | 26 | 26 | 2 | 14 | 100% |
| Arogyapuram | 15 | 14 | 1 | 6 | 93.3% |
| Kannambra | 6 | 6 | 2 | 4 | 100% |
| Palakuzhy | 13 | 12 | - | 8 | 92.3% |
| Panamkutty | 1 | 1 | - | - | 100% |
| Panthalampadam | 14 | 11 | - | - | 78.5% |
| Rajagiri | 19 | 19 | 1 | 7 | 100% |
| Thachanady | 4 | 4 | - | 1 | 100% |
| Vachanagiri | 3 | 3 | 1 | 2 | 100% |
| Valkulambu | 4 | 4 | - | - | 100% |
| **Salem** | 3 | 3 | - | 1 | 100% |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2013**

വരുന്ന വർഷത്തെ രൂപതാതല ലോഗോസ് ക്വിസ് സെപ്തംബർ 29-നും സംസ്ഥാനതല ലോഗോസ് ക്വിസ് നവംബർ 30-നും ആയിരിക്കും.





**പഠനഭാഗം**

ലേവ്യർ 1-14, ലൂക്കാ 1-12, യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം

**അവാർഡ് ദിനം**

ലോഗോസ് ബൈബിൾ ക്വിസ്സിന്റെ അവാർഡ് ദിനം വരുന്ന വർഷം ജനുവരി 11 രണ്ടാം ശനിയാഴ്ചയായിരിക്കും.

**റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

## ABA അൾത്താരസംഘം

**അൾത്താരബാലന്മാർക്കുള്ള ധ്യാനം** : അൾത്താരബാലന്മാർക്കുള്ള ധ്യാനം ധോണി മരിയൻ റിന്യുവൽ സെന്ററിൽവെച്ച് ബഹു. റെനി പുല്ലുകാലായിൽ അച്ചന്റെ നേതൃത്വത്തിൽ മെയ് 13 മുതൽ 17 വരെയുള്ള തിയ്യതികളിൽ നടത്തപ്പെടുന്നു. പങ്കെടുക്കാൻ താല്പ്പര്യപ്പെടുന്നവർ മെയ് 5-ാം തിയ്യതിക്ക് മുൻപായി വിശ്വാസപരിശീലനവേദിയിൽ അറിയിക്കേണ്ടതാണ്. റജി. ഫീസ് 400 രൂപ.

ABA **കിറ്റ്** : ഇടവകകളിൽ അൾത്താരസംഘത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുള്ള കിറ്റ് ഇനിയും വാങ്ങാത്തവർ വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്നും എത്രയും പെട്ടെന്ന് കൈപ്പറ്റേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## കെ. സി. വൈ. എം

**ഏകദിന കരിയർ ഗൈഡൻസ് സെമിനാർ**

കെ.സി.വൈ.എം രൂപതസമിതിയുടെയും മതബോധന കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ മെയ് 3 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 4.00pm വരെ ഏകദിന കരിയർ ഗൈഡൻസ് സെമിനാർ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. പ്രശസ്ത കരിയർ ഗൈഡൻസ് വിദഗ്ദൻ ശ്രീ. എം. എസ്. ജലീൽ സെമിനാർ നയിക്കുന്നു. 10, +2, ഡിപ്ലോമ കഴിഞ്ഞ എല്ലാ വിദ്യാർത്ഥികൾക്കും സ്വാഗതം. ഈ അവസരം ഏവരും പ്രയോജനപ്പെടുത്തുമല്ലോ.

**Unit Election**

യൂണിറ്റ് ഇലക്ഷൻ നടത്താത്ത യൂണിറ്റുകൾ എത്രയും വേഗം ഇലക്ഷൻ

നടത്തി ഭാരവാഹികളുടെ പേര് വിവരങ്ങൾ രൂപതാ ഓഫീസിൽ എത്തിക്കുക. 2013 വർഷത്തിൽ അഫിലിയേഷൻ നടത്താത്ത യൂണിറ്റുകൾ ജൂലായ് 31 ന് മുമ്പായി നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

## Special Senate

2013 പ്രവർത്തന വർഷത്തിലെ കർമ്മപദ്ധതി പ്രകാശനവും പ്രവർത്തന വർഷ ഉദ്ഘാടനവും ഏപ്രിൽ 13 ന് രാവിലെ 9.30 ന് പ്രസിഡന്റ് ക്ലിന്റോ പോൾ പതാക ഉയർത്തിയതോടുകൂടി ആരംഭിച്ചു. വിശ്വാസയുവത സമഗ്ര പുരോഗതിക്ക് എന്ന വിഷയത്തെ ആസ്പദമാക്കി എറണാകുളം രൂപത പ്രസിഡന്റ് ശ്രീ. ബെന്നി ആന്റണി ക്ലാസ്സ് നയിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ശ്രീ. സംഗീത് മാർട്ടിൻ സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ശ്രീ. ക്ലിന്റോ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പി.എസ്.എസ്.പി. ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ കർമ്മപദ്ധതി പ്രകാശനം ചെയ്തു. തുടർന്ന് കെ.സി.വൈ.എം. ഡയറക്ടർ ഫാ. ടോം ജി വടക്കേക്കര അനുഗ്രഹപ്രഭാഷണം നടത്തി. വിദേശത്ത് ജോലി ലഭ്യമായതിനാൽ പ്രസിഡന്റ് ശ്രീ. ക്ലിന്റോ രാജി സമർപ്പിക്കുകയും ഡയറക്ടർ അത് അംഗീകരിക്കുകയും സെനറ്റ് പുതിയ പ്രസിഡന്റായി വൈസ് പ്രസിഡന്റായിരുന്ന ശ്രീ. ഷിജു കുര്യനെ (പൊമ്പ്ര) തിരഞ്ഞെടുക്കുകയും ശ്രീ. അനൂപ് എ.ജെ. (പാലപ്പുറം) വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കുകയും ചെയ്തു. 2 മണിയോടുകൂടി വൈസ് പ്രസിഡന്റ് അനൂപ് എ.ജെ. പതാക താഴ്ത്തി സെനറ്റ് സമാപിക്കുകയും ചെയ്തു.

**നന്ദിയും സ്വാഗതവും**

കെ.സി.വൈ.എം. കുടുംബത്തിലേക്ക് പുതുതായി കടന്നുവന്ന റീജന്റ് ബ്ര. ക്രിസ്റ്റോ കല്ലുവേലിന് ഹൃദ്യമായ സ്വാഗതം. സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് കെ.സി.വൈ.എം നോട് ഒപ്പമുണ്ടായിരുന്ന പൊന്നംകോട് ഡയറക്ടർ ഫാ. സേവ്യർ മാറാമറ്റത്തിന് സംഘടനയുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു. പൊന്നംകോട് ഫൊറോനയുടെ പുതിയ ഡയറക്ടറായി ചുമതലയേറ്റ ഫാ.സേവ്യർ വളയത്തിന് ഹൃദ്യമായ സ്വാഗതം

**ഫാ. ടോം ജി. വടക്കേക്കര**

ഡയറക്ടർ



## മാതൃസംഘം

**മാതൃദിനം**

മെയ്മാസം 2-ാമത്തെ ഞായറാഴ്ച (മെയ് 12) മാതൃദിനമായി ആഘോഷിക്കുകയും അന്നത്തെ സ്തോത്രക്കാഴ്ച്ച മാതൃസംഘം രൂപത പ്രവർത്തനങ്ങൾക്കായി രൂപതയിൽ ഏല്പ്പിക്കേണ്ടതാണ്.





**മരിച്ചവരിൽനിന്ന് മൂന്നാം ദിനം ഈശോ ഉയർത്തെഴുന്നേറ്റു എന്ന വിശ്വാസം**

തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് കുടുംബജോലികൾ ചെയ്യുന്നതിലെ അമ്മയുടെ മഹത്വം.

മാതൃസംഘം യൂണിറ്റ് സെമിനാറുകൾ

**സൃഷ്ടി 2013** മാതൃസംഘം കൈയ്യെഴുത്തു പ്രതി എഡിറ്റോറിയൽ ബോർഡ് രൂപീകരണം

മെയ് രണ്ടാം ഞായർ – മാതൃദിനാഘോഷം

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**

ഡയറക്ടർ



## പിതൃസംഘം

ഏപ്രിൽ 22 നു കൂടിയ പ്രസ്ബിറ്ററൽ കൗൺസിലിൽ പിതൃസംഘത്തിന്റെ രൂപത നിയമാവലി പാസാക്കി. അതിന്റെ കോപ്പികൾ ജൂൺമാസത്തിൽ ലഭ്യമാക്കും. സംഘടനയുടെ സുഗമമായ പ്രവർത്തനങ്ങൾക്കുവേണ്ടി സമയബന്ധിതമായി പ്രവർത്തിക്കാൻ തീരുമാനിച്ചു. ജൂൺ ജൂലൈ മാസങ്ങളിൽ പാലക്കാട് ഫൊറോനയിൽ ഈ സംഘടന രൂപീകരിച്ച് അതിന്റെ ഫൊറോന ഘടകം രൂപീകരിക്കാൻ തീരുമാനിച്ചു.

**ഫാ. ജോർജ് തുരുത്തിപള്ളി**

ഡയറക്ടർ



## ഫാമിലി അപ്പോസ്തലേറ്റ്

### പ്രീകാന കോഴ്സ്

**2013 മെയ് 6,7,8,9** തിയ്യതികളിൽ **2013 ജൂൺ 3,4,5,6** തിയ്യതികളിൽ, മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**പ്രത്യേകം ശ്രദ്ധിക്കുക**

വിശ്വാസവർഷത്തിന്റെ ഒരു ഭാഗമായി വിശ്വാസ പ്രമാണത്തിന്റെ ഉള്ളടക്കം വരുന്ന ഗ്രന്ഥഭാഗങ്ങൾ ഒരു വർഷത്തേക്കുള്ള കലണ്ടറായി ക്രമീകരിക്കപ്പെട്ടിട്ടുണ്ട്. ഇടവകയിലെ എല്ലാ വീടുകളിലും ഈ കലണ്ടർ എത്തിക്കാനും വായിക്കാനും ദൈവജനത്തെ ഓർമ്മിപ്പിക്കുമല്ലോ. അതിന്റെ കൂടെ എല്ലാ ദിവസവും സന്ധ്യാപ്രാർത്ഥനയ്ക്കു ചൊല്ലാവുന്ന ഒരു പ്രാർത്ഥനയും ഉണ്ട്.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## കുടുംബകൂട്ടായ്മ

**1 വിശ്വാസ നേതൃത്വ സംഗമം 2013**
രൂപതയിലെ 11 ഫൊറോനകളിലായി പ്രവർത്തിക്കുന്ന 580 കുടുംബകൂട്ടായ്മകളിൽ നിന്നുമായി രണ്ടായിരത്തോളം ഭാരവാഹികൾ ഏപ്രിൽ 6-ാം തിയതി പാലക്കാട് പാസ്റ്ററൽ സെന്ററിൽ നടത്തിയ വിശ്വാസ നേതൃത്വ സംഗമം രൂപതയുടെ ചരിത്രത്തിലെ ആദ്യസംഭവമായി. ചുരുക്കം ചില ഇടവകകൾ ഒഴികെ എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. സഹകരിച്ച ബഹു വികാരിമാർക്കും, ഫൊറോന രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഒത്തിരി നന്ദി.

**2. രൂപത ജനറൽ ബോഡി**
മെയ് 11-ാം തിയതി ശനിയാഴ്ച രാവിലെ 10 മണിക്ക് രൂപതാ ജനറൽബോഡി കൂടുന്നു. ബഹു. ജനറാളച്ചൻ ക്ലാസുകൾക്ക് നേതൃത്വം കൊടുക്കും. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തും. നിയമാവലി ഭേദഗതികളെപ്പറ്റി ചർച്ചചെയ്യും.

**3.** കുടുംബസമ്മേളനത്തിനു ചർച്ചച്ചെയ്യേണ്ട പഠന പരമ്പര ഇനിമുതൽ രൂപതാബുള്ളറ്റിനിൽ വരുന്നതാണ്.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, കുടുംബക്കൂട്ടായ്മ

## കത്തോലിക്കാ കോൺഗ്രസ്സ്

നമ്മുടെ രൂപതയിൽ കുടുംബകൂട്ടായ്മയുടെ സംവിധാനവുമായി ചേർന്നാണ് AKCC പ്രവർത്തിച്ചിരുന്നത്. എന്നാൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് AKCC ക്ക് തനതായ ഒരു ക്രമീകരണം വേണമെന്ന് അച്ചന്മാരുടെ സെനറ്റിലും , ത്രൈമാസമീറ്റിങ്ങിലും തീരുമാനിക്കപ്പെട്ടു. നമ്മുടെ രൂപതയിൽ AKCC ക്ക് മേഖല രൂപത സംവിധാനങ്ങൾ മാത്രമേ ഉണ്ടായിരിക്കൂ. വിശദവിവരങ്ങൾ പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ

## സി. എൽ. സി

പ്രിയ സി.എൽ.സിയരെ,

സംസ്ഥാന സി.എൽ.സിയുടെ 450-ാം വാർഷികത്തോടനുബന്ധിച്ച് വൈപ്പിൻകോട്ട സെമിനാരിയിൽ വെച്ച് മെയ് 3, 4 തിയ്യതികളിൽ സി.എൽ.സി. ദിനാഘോഷം നടത്തുന്നു. നിരവധി വിശുദ്ധരെയും മെത്രാൻമാരെയും ഒട്ടനവധി സന്യാസസമൂഹങ്ങൾക്കും രൂപം നൽകി ഇന്നും സഭയിൽ സി.എൽ.സി. സജീവസാന്നിധ്യം അറിയിക്കുന്നു. പരി. കന്യകാമറിയത്തിന്റെ മദ്ധ്യസ്ഥതയും വി. ഇഗ്നേഷ്യസിന്റെ ജീവിതമൂല്യങ്ങളും അടിത്തറപാകിയ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

**ഫാ. മാർട്ടിൻ കളമ്പാടൻ**
ഡയറക്ടർ



## നവീകരണ മുന്നേറ്റം

**Zume ലീഡേഴ്സ്ട്രയിനിംങ്ങ് പ്രോഗ്രാം**

2012 ജനുവരിയിൽ ആരംഭിച്ച ട്രെയിനിംഗ് പ്രോഗ്രാം ഏപ്രിൽ 19, 20 തിയ്യതികളിലെ ക്ലാസുകളോടുകൂടി പൂർത്തിയായി. വിവിധ ഇടവകകളിൽ നിന്ന് 57 പേരാണ് ഇതിൽ പങ്കെടുത്തത് റവ. ഫാ. റെനി പുല്ലുകാലായിൽ ശ്രീ. തോമസ് കുര്യൻ (കോട്ടയം) എന്നിവരാണ് നേതൃത്വം നൽകിയത്. വിവിധ ക്ലാസുകൽ നയിച്ച വൈദികർക്കും പങ്കെടുത്ത എല്ലാവർക്കും നന്ദി.

**Zume പുതിയ ബാച്ച് ആരംഭിയ്ക്കുന്നു**

വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുവാനും സഭയെ പററി കൂടുതൽ പഠി

യ്ക്കാനും സ്നേഹിക്കാനും പ്രാർത്ഥനാജീവിതത്തിൽ വളരുവാനും വചനം മറ്റുള്ളവർക്ക് പകർന്നുകൊടുക്കാനും ഉതകുന്ന ഈ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് മെയ് മാസത്തിൽ ആരംഭിക്കുന്നു. റവ. ഫാ. റെനി പുല്ലുകാലായിൽ, ശ്രീ. തോമസ് കുര്യൻ (കോട്ടയം) എന്നിവരോടൊപ്പം പ്രശസ്തരായ വൈദികരും, ശുശ്രൂഷകരും ക്ലാസുകൾ നയിക്കുന്നു. ഒരു വർഷമാണ് കോഴ്സിന്റെ കാലാവധി. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മെയ് 15 ന് മുൻപ് പേരുകൾ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ: 9446728293

**KSTയ്ക്ക് പുതിയ നേതൃത്വം**

കേരളത്തിന്റെ കരിസ്മാറ്റിക് നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന KSTയുടെ പുന:സംഘടന ഏപ്രിൽ 14, 15, 16 തിയ്യതികളിൽ കളമശ്ശേരി എമ്മാവൂസിൽ വെച്ച് നടന്നു. പുന:സംഘടനയ്ക്ക് KCBC കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ മാർ റാഫേൽ തട്ടിൽ പിതാവും NST അംഗങ്ങളും നേതൃത്വം നൽകി. എറണാകുളം സോണിൽ നിന്നുള്ള മുൻ KST മെമ്പറും വരാപ്പുഴ രൂപതാംഗവുമായ റവ. ഫാ. സെബാസ്റ്റ്യൻ കറുകപ്പിള്ളിയാണ് പുതിയ KST ചെയർമാൻ. വി.വി അഗസ്റ്റിൻ (ആലപ്പുഴ) വൈസ് ചെയർമാൻ, ജാൻസ് സക്കറിയാസ് (പാലാ) സെക്രട്ടറി, റവ. ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ OFM Cap (തലശ്ശേരി), സന്തോഷ് തലച്ചിറ (തലശ്ശേരി), പോൾ വിജയകുമാർ (തിരുവനന്തപുരം), വി. ഗ്രേസ് തോമസ് (തൃശൂർ) ലിസി ജോസ് (കോതമംഗലം), ഗീതഷാജൻ (എറണാകുളം) എന്നിവരെയും തിരഞ്ഞെടുത്തു. പുതിയ KSTയ്ക്ക് പാലക്കാട് സോണിന്റെ പ്രാർത്ഥനാശംസകൾ.

**റവ. ഫാ. റെനി പുല്ലുകാലയിൽ**
സോണൽ ഡയറക്ടർ




**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| മെയ് | 05–10 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| മെയ് | 12–16 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ & ഫാ. സാജു ഇലഞ്ഞിയിൽ |





| | | |
|---|---|---|
| മെയ് | 16–19 | സിസ്റ്റേഴ്സ് വരദാന വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| മെയ് | 26–31 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. സാജു ഇലഞ്ഞിയിൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 – 327710

**സെഹിയോൻ കൺവെൻഷൻസ്**

മെയ് 19 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

2013 ഏപ്രിൽ 28 ന് അഭിവന്ദ്യ പിതാവ് മാർ.ജേക്കബ് മനത്തോടത്ത് മൊബൈൽ ആപ്ലിക്കേഷന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്തു. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

# പി. എസ്. എസ്. പി.

**ചക്ക സംസ്ക്കരണ പദ്ധതി ഉദ്ഘാടനം**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ചക്ക സംസ്ക്കരണത്തിനായുള്ള പദ്ധതിയുടെ ഉദ്ഘാടനം 2013 മെയ് 14-ാം തിയ്യതി രാവിലെ 10 മണിക്ക് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുകയാണ്. പാലക്കാട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ കേന്ദ്ര ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പ്രൊഫ. കെ.വി തോമസ് ആണ് പദ്ധതി ഉദ്ഘാടനം ചെയ്യുന്നത്. ജില്ലയുടെ നാലു മേഖലകളിൽ ചക്ക സംസ്ക്കരിച്ച് വിവിധ മൂല്യവർധിത ഉല്പന്നങ്ങളാക്കി കേന്ദ്രീകൃത സംവിധാനത്തിലൂടെ വിപണനം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇളവംപാടം, ധോണി, വേലിക്കാട്, അട്ടപ്പാടി എന്നിവിടങ്ങളിലെ നാലു കർഷകസംഘങ്ങളാണ് പ്രാദേശിക സംസ്കരണയൂണിറ്റുകൾ ആരംഭിച്ചിരിക്കുന്നത്. ഒരു ദിവസം 250 ചക്കയിൽ നിന്ന് 400 കിലോ വിവിധ മൂല്യവർധിത ഉൽപന്നങ്ങൾ ആണ് ഓരോ പ്രാദേശിക സംസ്കരണ കേന്ദ്രത്തിലും ഉൽപാദിപ്പിക്കുന്നത്. ഇവ പി.എസ്.എസ്.പിയുടെ ധോണി സ്റ്റാർട്ടിൽ സംഭരിക്കുകയും ഏകീകൃത ബ്രാൻഡഡ് ഉൽപന്നങ്ങളാക്കി വിപണനം നടത്തുന്നതുമാണ്. പദ്ധതി ഓരോ പ്രാദേശികയൂണിറ്റിനും 20 ലക്ഷം രൂപമുതൽ മുടക്കുള്ളതും സ്മോൾ ഫാമേഴ്സ് അഗ്രി. ബിസിനസ് കൺസോർഷ്യവും (എസ് എഫ് എ സി) രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ)യും ചേർന്ന് 50% സാമ്പത്തികസഹായം വാഗ്ദാനം ചെയ്തിട്ടുള്ളതും ആണ്.

പാലക്കാട് ഉപയോഗിക്കാതെ നഷ്ടപ്പെടുന്ന ഏകദേശം രണ്ട് ലക്ഷത്തോളം ചക്ക സംസ്ക്കരിക്കുന്നതിനും പ്രകൃതി സൗഹൃദവും പോഷകസമ്പുഷ്ടവുമായ ഭക്ഷണശീലത്തിലൂടെ ജീവിതശൈലീരോഗങ്ങളോട് അതിജീവനും തേടുവാനും ഈ പദ്ധതിയിലൂടെ സാധിക്കും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

**പി.എസ്.എസ്.പിക്ക് പുതിയ ജലനിധി പദ്ധതി**

ലോകബാങ്കിന്റെ ധനസഹായത്തോടെ കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന കുടിവെള്ളം, ശുചിത്വം ഇവയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പദ്ധതിയായ "ജലനിധി" പാലക്കാട് ജില്ലയിലെ ലക്കിടി, പേരൂർ പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് പി.എസ്.എസ്.പി. തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇതിനുമുമ്പ് പുതൂർ, കടങ്ങോട് പഞ്ചായത്തുകളിൽ





ഈ പദ്ധതി വിജയകരമായി നമ്മൾ പൂർത്തീകരിച്ചിരുന്നു.

**ജലനിധി-ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്**

ലോകബാങ്കിന്റെ ധനസഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ജലനിധി പദ്ധതി പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ പഞ്ചായത്തിൽ പീപ്പിൾസ് സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ വാർഡ് തലത്തിലുള്ള പ്രത്യേക ഗ്രാമസഭകൾ ചേരുന്ന പ്രവർത്തനമാണ് ഇപ്പോൾ നടന്നുവരുന്നത്. തുടർന്ന് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തി ഗുണഭോക്തൃ സംഘങ്ങൾ രൂപീകരിക്കുന്ന പ്രവർത്തനവും,പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളും നടക്കും.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കേന്ദ്രമാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 2013-2014 സാമ്പത്തിക വർഷത്തിലെ ആദ്യ 6 മാസ കാലയളവിൽ നടപ്പിലാക്കുന്ന സാങ്കേതിക തൊഴിൽ പരിശീലന ബാച്ചുകളുടെ വിവരങ്ങൾ താഴെ ക്കൊടുത്തിരിക്കുന്നു.

| കോഴ്സുകൾ | സിലബസ് | സമയം (മണിക്കൂറിൽ) | ബാച്ചുകൾ | പഠിതാക്കൾ (Per batch) |
|---|---|---|---|---|
| കട്ടിംഗ്&ടെയ്ലറിംഗ് | NIFT | 150 | 17 | 25 |
| ഡ്രസ്സ് മെയ്ക്കിംഗ് | NIFT | 150 | 17 | 25 |
| ഹാന്റ് എംബ്രോയിഡറി | NIFT | 150 | 7 | 20 |
| മെഷീൻ എംബ്രോയിഡറി | NIFT | 150 | 2 | 20 |
| ഫാബ്രിക് പെയ്ന്റിംഗ് | NIFT | 50 | 6 | 20 |
| സ്ക്രീൻ പ്രിന്റിംഗ് | NIFT | 50 | 5 | 20 |
| പ്ലംബർ& സാനിറ്ററി വർക്ക് (ModuleI&II) | DAE | 200 | 2 | 20 |
| ഇലക്ട്രിക്കൽ ടെക്നീഷ്യൻ | DAE | 50 | 2 | 20 |

| | | | | |
|---|---|---|---|---|
| ഫ്രൂട്ട്സ്& വെജിറ്റബിൽ പ്രൊസസ്സിംഗ്& പ്രിസർവേഷൻ (പഴം പച്ചക്കറി സംസ്ക്കരണം) | DAE | 50 | 2 | 20 |
| **ആകെ** | | | **60** | |

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# കെ.എൽ.എം. പാലക്കാട്

**റീജിയൺ മീറ്റിംഗ്**

കെ.എൽ.എം തൃശ്ശൂർ റീജിയൺ മീറ്റിംഗ് പാലക്കാടു പാസ്റ്ററൽ സെന്ററിൽ വച്ച് 10.04.13-ാംന് ബുധനാഴ്ച നടന്നു. റീജിയണിലെ 4 രൂപതകളിൽ നിന്ന് രൂപതാപ്രതിനിധികൾ സംബന്ധിച്ചു.

**മെയ്ദിനാഘോഷം**

ലോകതൊഴിലാളി ദിനാചരണം മണ്ണാർക്കാട് ഫൊറോനയുടെ ആഭിമുഖ്യത്തിൽ പെരിമ്പടാരി ഹോളിസ്പിരിറ്റ് ഫൊറോനപള്ളിയിൽ വച്ച് മെയ് ഒന്ന് ബുധൻ രാവിലെ 10 മുതൽ ഉച്ചക്ക് 3 മണിവരെ നടക്കുന്നു. കേരള ചെറുകിടതോട്ടം തൊഴിലാളി ഫോറം ജില്ലാ സമ്മേളനവും ഇതോടനുബന്ധിച്ച് നടത്തപ്പെടുന്നതാണ്.

**പുതിയ ഓഫീസ്**

കെ.എൽ.എം. പാലക്കാട് രൂപതാ ഓഫീസ് മെയ് മാസംമുതൽ പാസ്റ്ററൽ സെന്ററിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**
ഡയറക്ടർ





# From the Bishop's Diary

**2013 മാർച്ച്**

28 – പെസഹായോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

29 – കത്തീഡ്രൽ ദൈവാലയത്തിൽ ദുഃഖവെള്ളിയാഴ്ചയിലെ പീഡാനുഭവ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

– എറണാകുളം പി.വി.എസ്. ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

– എളവംപാടം സെന്റ് തോമസ് ദൈവാലയത്തിലെ പരിഹാര പ്രദക്ഷിണത്തിൽ സമാപനസന്ദേശം നൽകി.

30 – കത്തീഡ്രൽ ദൈവാലയത്തിൽ ദുഃഖശനിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

31 – ഉയിർപ്പിതിരുനാളിനോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**2013 ഏപ്രിൽ**

1 – ചേർത്തല സെന്റ് മാർട്ടിൻസ് ഇടവകയിൽ ഒരു മൃതദേഹ സംസ്കാരത്തിന് പ്രധാന കാർമ്മികത്വം വഹിച്ചു.

2 – ധോണി മരിയൻ റിന്യൂവൽ സെന്ററിൽ ക്രിസ്റ്റീൻ ധ്യാനത്തിൽ സംബന്ധിച്ച് കുട്ടികൾക്ക് സന്ദേശം നൽകി.

3 – ആരോഗ്യപുരം സെന്റ് മേരീസ് ദൈവാലയത്തിൽ ആരാധനാ സന്യാസാർത്ഥിനികളുടെ പ്രഥമവ്രതവാഗ്ദാന ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

– മുണ്ടൂർ യുവക്ഷേത്രയിൽ പ്രീകാനകോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

4 – മലമ്പുഴ കൃപാസദനിൽ ഹോം ഡെ ആഘോഷം ഉദ്ഘാടനം ചെയ്തു.

– കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ദൈവവിളിക്യാമ്പിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

5 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

6 - പാസ്റ്ററൽ സെന്ററിൽ കുടുംബയൂണിറ്റ് ഭാരവാഹികളുടെ സംയുക്തസമ്മേളനം ഉദ്ഘാടനം ചെയ്തു. കത്തീഡ്രലിൽ അവർക്കുവേണ്ടി വി. കുർബാനയർപ്പിച്ചു.

7 - കർദ്ദിനാൾ ബസേലിയോസ് മാർ ക്ലീമീസ് കാതോലിക്കാബാവയ്ക്ക് രൂപതാകാര്യാലയത്തിൽ സ്വീകരണം നൽകി.

- മുവാറ്റുപുഴ രൂപതാദ്ധ്യക്ഷ്യൻ എബ്രഹാം മാർ യൂലിയോസ് പിതാവ് രൂപതാകാര്യാലയം സന്ദർശിച്ചു.

- പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

- കോങ്ങാട് സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ കരിമ്പ റീജിണലിലെ സീറോ മലങ്കര കത്തോലിക്കാ സമൂഹം നൽകിയ സ്വീകരണത്തോടനുബന്ധിച്ച പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

8 - പാലക്കാട് സെറാഫിക് പ്രൊവിൻസിലെ സി. ജോർജ്ജീന, സി. പാരീസ്, സി. വിബീന, സി. ബോസ്‌വെൽ, സി. ലാഡിസ് എന്നിവരുടെ വ്രതവാഗ്ദന സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

9 - ധോണി മരിയൻ റിന്യൂവൽ സെന്ററിൽ ക്രിസ്റ്റീൻ ധ്യാനത്തിൽ സംബന്ധിച്ച് കുട്ടികൾക്ക് സന്ദേശം നൽകി.

10 - പാസ്റ്ററൽ സെന്ററിൽ മതബോധനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വിഷൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

- പോത്തുണ്ടി, നെന്മാറ, ചിറ്റിലഞ്ചേരി ദൈവാലയങ്ങൾ സന്ദർശിച്ചു.

11 - ബിഷപ്പ്സ് ഹൗസിൽ സ്റ്റാർസി (STARS)ന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

- സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദീകരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.





- ധോണി മരിയൻ റിന്യൂവൽ സെന്ററിലെ ക്രിസ്റ്റീൻ ധ്യാന ടീം അംഗങ്ങൾക്ക് സന്ദേശം നൽകി.

12 - വീട്ടിൽ വിശ്രമിക്കുന്ന ബഹു. ചക്കാലയ്ക്കൽ ജോഷി അച്ചനെ സന്ദർശിച്ചു.

13 - എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ഒരു വിവാഹം ആശീർവ്വദിച്ചു

- അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

14 - കാഞ്ഞിരപ്പുഴ ഡാം സെന്റ് ജോസഫ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

- മൈലംപുള്ളി മറിയം ത്രേസ്യാ നോവിഷ്യേറ്റ് ഹൗസിൽ നോവീസ്സസിന് ക്ലാസ്സെടുത്തു.

15 - വള്ളിയോട് സെന്റ് മേരീസ് പോളിടെക്നിക്ക് കോളേജ് ഗ്രൗണ്ടിൽ അഭിഷേകാഗ്നി ബൈബിൾ കൺവെൻഷൻ പന്തലിന്റെ കാൽനാട്ടൽ കർമ്മം നിർവ്വഹിച്ചു..

- വാൽക്കുളമ്പ് സെന്റ് ആന്റണീസ് ദൈവാലയത്തിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

16 - ദൈവദാൻ സ്നേഹഗിരി സഭകളുടെയും വിവിധ ശുശ്രൂഷാലയങ്ങളുടെയും സ്ഥാപകനായ ബഹു. അബ്രഹാം കൈപ്പൻപ്ലാക്കലച്ചന്റെ നൂറാം ജന്മദിനാഘോഷത്തോടനുബന്ധിച്ച് വടക്കഞ്ചേരി ദൈവദാൻ സെന്ററിൽ വി. കുർബാനയർപ്പിച്ചു.

- പോൽപ്പുള്ളി സെറാഫിക് നൊവീഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

18 - ധോണി സെന്റ് ജെയിംസ് ദ ഗ്രേറ്റ് ദൈവാലയത്തിൽ മോൺ. ജോർജ്ജ് നരിക്കുഴിയച്ചന്റെ അമ്മയുടെ 39-ാം ചരമദിനത്തോടനുബന്ധിച്ച് സമൂഹബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

- ധോണി മരിയൻ റിന്യൂവൽ സെന്ററിൽ ക്രിസ്റ്റീൻ ധ്യാനത്തിൽ സംബന്ധിച്ച് കുട്ടികൾക്ക് സന്ദേശം നൽകി.

19 – എറണാകുളം പി.വി.എസ്. ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

– പി.ഒ.സി. കാത്തലിക്ക് ഹോസ്പിറ്റൽ അസോസിയേഷൻ കേരളയുടെ കീഴിലുള്ള ആശുപത്രികളുടെ ഡയറക്ടറുമാരുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

– ആലപ്പുഴ കത്തീഡ്രൽ പള്ളിയിൽ മുൻ രൂപതാദ്ധ്യക്ഷ്യൻ പീറ്റർ ചേനാപറമ്പിൽ പിതാവിന്റെ മൃതദേഹസംസ്കാര ശുശ്രൂഷയോടനുബന്ധിച്ച സമൂഹബലിയിൽ സംബന്ധിച്ചു.

20 – മേലാർക്കോട് സെന്റ് ആന്റണീസ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

21 – കടപ്പാറ സെന്റ് മേരീസ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

22 – മുണ്ടൂർ യുവക്ഷേത്രയിൽ രൂപതാ പ്രസ്ബിറ്ററൽ കൗൺസിലിലും ത്രൈമാസസമ്മേളനത്തിലും ആദ്ധ്യക്ഷ്യംവഹിച്ചു.

23 – മുണ്ടൂർ യുവക്ഷേത്രയിൽ ത്രൈമാസസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

24 – പാസ്റ്ററൽ സെന്ററിൽ സ്റ്റാർസി(STARS)ന്റെ സെക്കന്റ് ബാച്ചിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

– വള്ളിയോട് പോളിടെക്നിക്ക് കോളേജ് സന്ദർശിച്ചു.

25 – താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സിസ്റ്റേഴ്സിന്റെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശംനൽകി.

26 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

27 – പാസ്റ്ററൽ സെന്ററിൽ നടന്ന പുതിയ മതബോധന കൗൺസിൽ അംഗങ്ങളുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.